
ചെറിയ കാര്യങ്ങളുടെ പ്രസക്തി

# ലിറ്റിൽ മാസിക

ലക്കം 133

2011 ഡിസംബർ





ലിറ്റിൽ മാസിക

ചുങ്കത്തറ പി.ഒ.,
മലപ്പുറം 679334
Ph: 04931-231493, 232780
Mob: 9946428284, 9995264564
email:littlemasika@gmail.com

ചീഫ് എഡിറ്റർ
ബിജു ജോൺ
കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
അബ്ദുള്ളക്കുട്ടി എടവണ്ണ
മാനേജിംഗ് എഡിറ്റർ
ജയപ്രകാശ് നിലമ്പൂർ
എക്സിക്യുട്ടീവ് എഡിറ്റർ
പി.എം. ജോൺ
പത്രാധിപ സമിതി
സതീഷ് ചളിപ്പാടം
മനോഹർ വർഗീസ്
ചന്ദ്രബാബു തൃക്കലങ്ങോട്
സ്പെഷ്യൽ കറസ്പോണ്ടന്റ്
ഹാരിസ് നെന്മേനി
ടൈപ്പ് സെറ്റിംഗ്
ജസീല
ലേഔട്ട്
ലിമാ ക്രിയേറ്റീവ്
പ്രിന്റിംഗ്
4 പ്രിന്റ്,മഞ്ചേരി

ലക്കം
**133**

Copy left

*അറിയപ്പെടാത്ത, എഴുതപ്പെടാത്ത ജീവിതാനുഭവങ്ങൾ അത് ഏറ്റവും ചെറിയ ജീവിതത്തെക്കുറിച്ചുമാവാം, ഏറ്റവും സാധാരണ ജീവിതാനുഭവത്തെക്കുറിച്ചുമാവാം. ഏത് ചെറിയ കാര്യവും മാസികയ്ക്ക് പ്രധാനമാണ്.*





## നദിയെ ആരും ഒഴുക്കേണ്ടതില്ല.

ഒഴുകുകയെന്നത് നദിയുടെ സഹജസ്വഭാവം. സുഗമമായ ആ യാത്രയെ തടസ്സപ്പെടുത്താതിരിക്കുക മാത്രമേ ചെയ്യേണ്ടതുള്ളൂ. എന്നോ തുടങ്ങിയ യാത്രയാണ് ജീവിതം. അതെങ്ങോട്ടൊഴുകുന്നുവെന്ന് അതിന് നന്നായറിയാം. അതു നാം കണ്ടെത്തേണ്ട വിഷയമല്ല. നമ്മൾ ആകെ ചെയ്യേണ്ടത് അതോടൊപ്പം ഒഴുകുകമാത്രം. വഴി കഴിയുന്നത്ര ഒഴുക്കുള്ളതാക്കുക. ചപ്പും ചവറും വാരിയിട്ട് ഒഴുക്കിനെ മന്ദീഭവിപ്പിക്കുകയോ തടസ്സപ്പെടുത്താതിരിക്കുകയോ ചെയ്യുക. ശരീരത്തെയും മനസ്സിനെയും അതിന്റെ എല്ലാ അസ്വാഭാവിക ചോദനകളിൽ നിന്നും നിവർത്തിപ്പിക്കാം. ഒഴിഞ്ഞ മുളന്തണ്ടാകാം. തെന്നൽ ഒഴുകിവന്ന് നാദതരംഗങ്ങളായി എല്ലാ ദിക്കിലേക്കും പ്രസരിക്കുന്നത് അവിടെ നാമനുഭവിക്കും.

---



## സാധാരണക്കാരുടെ *ശബ്ദം*

*എഴുത്തുകാരൻ തന്റെ കൃതികളിലൂടെ ആവിഷ്കാരങ്ങൾ നടത്തുമ്പോൾ സ്വന്തം ജീവിതം കൊണ്ട് മഹത്തായ ആവിഷ്കാരങ്ങൾ നിർവഹിക്കാൻ പ്രപഞ്ചത്തിലെ ഏറ്റവും നിസ്സാരമായ ജീവിക്കും കഴിയും. പുസ്തകത്താളിൽ എഴുതുന്നതിനേക്കാൾ മഹത്തമുള്ള രചനകൾ ജീവിതം കൊണ്ട് എഴുതുന്ന സാധാരണക്കാർ സംസാരിക്കുന്നു.*

നെൽകൃഷി പ്രോത്സാഹിപ്പിക്കും എന്നുപറയുന്ന സർക്കാരു തന്നെ രണ്ടു രൂപക്ക് അരിയും കൊടുക്കും. പിന്നെന്തിനാണ് നെല്ല് കൃഷിചെയ്യുന്നത്?

പണ്ടൊക്കെ മുറ്റത്ത് അത്യാവശ്യം വേണ്ട പയറും വെണ്ടക്കയും മുളകുമൊക്കെ നട്ടുവളർത്തിയിരുന്നു. ഇപ്പോൾ മുറ്റത്തൊക്കെ ടൈൽസാണ് കുഴിച്ചിടുന്നത്.

പുതിയ തലമുറയാണ് ഇനി കൃഷി ചെയ്തു പഠിക്കേണ്ടത്. നിങ്ങൾക്ക് വിഷം കഴിക്കാൻ വേണോ? വേണ്ടെങ്കിൽ ഇന്നുതന്നെ തുടങ്ങിക്കോളിൻ കൃഷി

*കോന്നച്ച, പന്തല്ലൂർ, മലപ്പുറം*

ഞാനും സുഹൃത്ത് ഗിരീഷുമൊക്കെ ഉപ്പോൾ സൈക്കിൾ ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു ആളുകൾ ഒരു അൽഭുതം കാണുന്നതുപോലെയാണ് നോക്കുന്നത്.സത്യത്തിൽ ഇത്തരം ചെറിയ കാര്യങ്ങൾ വലിയ മാറ്റങ്ങൾ വരുത്തും എന്നാണ് നാം മനസിലാക്കേണ്ടത്.

*കെ. ആർ. രാജ്, മഞ്ചേരി*

---

## സ്നേഹപൂർവം പനച്ചി..

ചെറുതിനും ചേതോഹരമാവാം എന്ന് ഓരോ ലക്കത്തിലും നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു മാസിക നൂറ്റിമുപ്പതു ലക്കങ്ങൾ പിന്നിട്ടിരിക്കുന്നു- മലപ്പുറം ജില്ലയിലെ ചുങ്കത്തറയിൽ നിന്നുള്ള ലിറ്റിൽ മാസിക.
അറിയപ്പെടാത്ത, എഴുതപ്പെടാത്ത ജീവിതാനുഭവങ്ങൾ അത് ഏറ്റവും ചെറിയ ജീവിതത്തെക്കുറിച്ചുമാവാം, ഏറ്റവും സാധാരണ ജീവിതാനുഭവത്തെക്കുറിച്ചുമാവാം. അനുഭവങ്ങൾ അത് എന്തെങ്കിലുമാവട്ടെ അതിന്റെ സത്യസന്ധതയും സ്വാഭാവികതയുമാണ് പ്രധാനം.. ഏത് ചെറിയ കാര്യവും മാസികയ്ക്ക് പ്രധാനമാണ് എന്ന് നയം വ്യക്തമാക്കുന്ന ഈ ചെറിയ മാസിക ചിന്തയുടെയും ജീവിതത്തിന്റെയും സമാന്തര സൗഭഗങ്ങൾ പത്തുവർഷത്തിലേറെയായി (സത്യത്തിൽ 19 വർഷം പിന്നിട്ടു ലിറ്റിൽ മാസിക-എഡിറ്റർ)അവതരിപ്പിച്ചുകൊണ്ടേയിരിക്കുന്നു.
ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന രചനയ്ക്കു കോപ്പിറൈറ്റ് ഇല്ല എന്ന പ്രഖ്യാപിതനയത്തിന് നല്ലൊരു തലക്കെട്ടുമുണ്ട്-കോപ്പി ലെഫ്റ്റ്.

*ഭാഷാപോഷിണി 2011 നവംബർ*

ജീവിത പാഠം

## ജീവിതം പഠിപ്പിക്കുന്നവർ

**സത്യൻ അന്തിക്കാട്**

ചെന്നൈയിൽ നിന്ന് മടങ്ങാൻ നേരത്താണ് ടി നഗറിലെ ഒരു കടയിൽ വസ്ത്രങ്ങൾ വാങ്ങാൻ കയറുന്നത്. അപ്പോഴാണ് ഒരു ബാലൻ വീട്ടിൽ ഉണ്ടാക്കിയതെന്നു പറഞ്ഞ് ചെവിത്തോണ്ടികളുടെ കെട്ടുമായി എന്റെ മുന്നിൽ വന്നുപെട്ടത്. തൽക്കാലം എനിക്കാവശ്യമില്ല എന്നുപറഞ്ഞ് ഒഴിഞ്ഞുമാറി. പയ്യൻ വിടാൻ ഭാവമില്ലായിരുന്നു. ദൈന്യമായി യാചിച്ച് പുറകെ കൂടി. പ്രയാസപ്പെട്ടാണ് അവനിൽ നിന്ന് രക്ഷപ്പെട്ട് കടയിൽ കയറിപ്പറ്റിയത്. സാധനം വാങ്ങി തിരിച്ചിറങ്ങുമ്പോൾ നേരത്തെ കണ്ട പയ്യനെ വീണ്ടും കാണേണ്ടിവരുമോ എന്നായിരുന്നു ഭയം. പക്ഷേ വീണ്ടും അതാ ചെവിത്തോണ്ടിയുമായി പയ്യൻ വീണ്ടും മുമ്പിൽ. ഒരുകണക്കിലും പയ്യൻ വിടാൻ ഭാവമില്ല. വീട്ടിലുണ്ടാക്കുന്നതാണ്, ഇതുവരെ ഒന്നും വിറ്റുപോയിട്ടില്ല. എന്നിങ്ങനെ പയ്യാരം പറച്ചിലുമായി അവൻ വിടാതെ കൂടി. ഒടുവിൽ കയ്യിലുണ്ടായിരുന്ന ചില്ലറ എണ്ണി നോക്കാതെ അവന്റെ കയ്യിൽ കൊടുത്തിട്ടു പറഞ്ഞു. "എനിക്ക് സാധനം വേണ്ട നീയിതു വെച്ചോ." പയ്യൻ പണം എണ്ണിനോക്കി എന്നിട്ട് കരയാൻ തുടങ്ങി. എനിക്കീ പണം വേണ്ട സാർ! വെറുതേ പണം വാങ്ങിയാൽ അമ്മ വഴക്കുപറയും സാർ! പയ്യൻ കരഞ്ഞുപറഞ്ഞു. ഒടുവിൽ പയ്യന്റെ കയ്യിലെ മുഴുവൻ ബഡ്സും വാങ്ങി ഞാൻ ഡ്രൈവറെ ഏൽപ്പിച്ചപ്പോഴാണ് അവന് സമാധാനമായത്.

നിസ്സാരമെന്ന് തോന്നുന്ന നമുക്കുചുറ്റുമുള്ള ഇത്തരം ചിലരിൽ നിന്നുപോലും നാം ജീവിതം പഠിക്കേണ്ടതല്ലേ. ഇവരല്ലേ നമ്മെ ജീവിതം പഠിപ്പിക്കുന്നത്?

***(2011 നവംബർ 29 ന് മഞ്ചേരി പബ്ലിക് ലൈബ്രറി സംഘടിപ്പിച്ച മഞ്ചേരി ചന്ദ്രൻ അനുസ്മരണ പ്രസംഗത്തിൽ നിന്ന്)***

---

നിരീക്ഷണം

## കീടം എന്നു വിളിക്കുമ്പോൾ

**ഡോ.ടി.വി സജീവ്**

ഒരാൾ മറ്റൊരാളെ കീടമെന്നു വിളിക്കുമ്പോൾ ദീർഘമായൊരു ചരിത്രമാണ് ഉണർന്നെണീറ്റു വരുന്നത്. വിളിക്കുന്നത് ജഡ്ജിയാകുമ്പോൾ പ്രത്യേകിച്ചും. ഭൂമിയിലെ വിഭവങ്ങളൊക്കെ സവിശേഷമായ പാരിസ്ഥിതികളെ മുൻനിർത്തി മാത്രം വിന്യസിക്കപ്പെടുകയും മനുഷ്യനടക്കമുള്ള ജീവജാലങ്ങൾ വേണ്ടത് മാത്രം എടുത്ത് ജീവിക്കുകയും ചെയ്തിരുന്ന കാലത്ത് കീടങ്ങൾ ഉണ്ടായിരുന്നില്ല. അങ്ങനെ ഒരു വാക്കും വേണ്ടിവന്നിരുന്നില്ല. പിന്നീട്, ചില വിഭവങ്ങൾ ധാരാളമായി വേണമെന്ന നിർബന്ധത്തിലേക്ക് മനുഷ്യരാശി മാറിയപ്പോൾ അതേ വിഭവങ്ങളെ ഭക്ഷിച്ചിരുന്ന ജീവജാലങ്ങളെയൊക്കെ കീടമെന്ന് വിളിക്കാൻ തുടങ്ങി. അവരോട് യുദ്ധം പ്രഖ്യാപിക്കുകയും ചെയ്തു. മനുഷ്യചരിത്രത്തിൽ ഏറ്റവും കാലം നീണ്ടുനിന്ന, ഇപ്പോഴും തുടരുന്ന യുദ്ധം ഇതാവണം-മനുഷ്യനും കീടങ്ങളും തമ്മിലുള്ളത്.ചിലയിടങ്ങളിൽ,ചില നേരത്ത് തോറ്റിട്ടുണ്ടെങ്കിലും കീടങ്ങൾ പതിന്മടങ്ങ് ശക്തിയോടെ തിരിച്ചെത്തിക്കൊണ്ടിരിക്കുന്നു. കീടങ്ങൾക്കെതിരെയുള്ള യുദ്ധ സാമഗ്രികളായ രാസകീടനാശിനികൾ മനുഷ്യനെത്തന്നെ തിരിഞ്ഞാക്രമിക്കാനും തുടങ്ങി. രാജസഭകളിൽ നിന്ന് രാഷ്ട്രീയ ചർച്ചകളെ തെരുവോരങ്ങളിലേക്ക് പറിച്ചുനട്ട, ജനാധിപത്യത്തിന്റെ പരീക്ഷണങ്ങൾക്ക് തുടക്കം കുറിച്ച ഡയോജനീസ് മുതലിങ്ങോട്ടുള്ള നിരവധി മനുഷ്യരെയും വെല്ലുവിളിക്കുന്നുണ്ട്,ഈ വിളി. സാരമില്ലിത്.കാരണം പഴയ കാലത്തെ കമ്മ്യൂണിസ്റ്റുകളെപ്പോലെ, അതിനും മുമ്പത്തെ ഗാന്ധിയന്മാരെപ്പോലെ, ഇപ്പോഴത്തെ മാവോയിസ്റ്റുകളെപ്പോലെ,വിഭവങ്ങളുടെ സ്വാഭാവികവും ജനാധിപത്യപരവുമായ വ്യന്യാസത്തിനായി കീടങ്ങൾ വാദിക്കുകയും അവരുടെ നിലപാട് വ്യക്തമാക്കുകയും തുറന്ന യുദ്ധം പ്രഖ്യാപിക്കുകയും ചെയ്യും അതിലേർപ്പെട്ടിരിക്കുന്നവന്റെ ഭീതിദമായ,ദയനീയമായ ശബ്ദമെന്ന നിലയ്ക്കാണ് ഈ വിളിയുടെ രാഷ്ട്രീയം ഞാൻ കേൾക്കുന്നത്.

---

*സ്ലോ ലൈഫ്*


### വെറുതെ നടത്തം

നടത്തം വെറുതെ ആസ്വദിക്കുന്നതിന് വേണ്ടിയാണ് ബുദ്ധൻ നടക്കുന്നതെന്ന് സ്വാസ്ഥിക്ക് തോന്നി.എവിടെയും എത്തിച്ചേരുന്നതിനെക്കുറിച്ച് യാതൊരു വിധ ആശങ്കയും അദ്ദേഹത്തിനില്ല. കൂടെയുള്ള ഭിക്ഷുക്കൾക്കും ലക്ഷ്യത്തിലെത്താൻ ആകാംക്ഷയോ അക്ഷമയോ ഉള്ളതായി കണ്ടില്ല. ഓരോ മനുഷ്യന്റെയും കാൽ വെയ്പ്പുകൾ മന്ദവും സമതുലിതവും ശാന്തവുമായിരുന്നു. എല്ലാവരുമൊന്നിച്ച് ആനന്ദകരമായ ഒരു ഉല്ലാസ യാത്ര ചെയ്യുന്നതുപോലെ.ആരും ക്ഷീണിതരായി കാണപ്പെട്ടില്ല. എന്നാൽ ഓരോ ദിവസവും നല്ലൊരു ദൂരം പിന്നിടുകയും ചെയ്തു.

***തിച്ച് നാത് ഹാൻ എഴുതി കെ. അരവിന്ദാക്ഷൻ പരിഭാഷപ്പെടുത്തിയ ബുദ്ധന്റെ ജീവിത കഥ പഴയ പാത ,വെളുത്ത മേഘങ്ങൾ എന്ന പുസ്തകത്തിൽ നിന്ന്.***

---

എഡിറ്റോറിയൽ പോളിസി



*സാധാരണക്കാരനാവുക എന്നതാണ് പ്രബുദ്ധനാകാനുള്ള വഴി. പ്രബുദ്ധത എന്നാലെന്താണെന്ന് നിങ്ങളെന്നോട് ചോദിക്കുകയാണെങ്കിൽ ഒരുവനെങ്ങിനെയാണോ, ആ അവസ്ഥയിൽ തന്നോട് തന്നെ സംതൃപ്തരാവുക എന്നതാണ് പ്രബുദ്ധത എന്ന് ഞാൻ പറയും. അത് പ്രത്യേകമായ ഒന്നുമല്ല. അത് യോഗികൾ ഘോഷിക്കുന്നതുപോലെ കുണ്ഡലിനി ശക്തിയോ, പ്രകാശജ്വാലയോ, ആന്തരികാനുഭവമോ, ദൈവികതയോ യാതൊന്നുമല്ല,സാധാരണത്വം മാത്രമാണ്.*

*- ഓഷോ*



# ആകാശം വേണ്ടെന്നുവച്ചവർ

**രഞ്ജിത്**

*സിനിമാപ്രവർത്തകനായ രഞ്ജിത് മലയാള മനോരമ ദിനപത്രത്തിൽ എഴുതുന്ന പംക്തിയാണ് മരം പെയ്യുമ്പോൾ. മൗലികത കൊണ്ടും ജീവിത ദർശനം കൊണ്ടും ലാളിത്യം കൊണ്ടും ഹൃദ്യമായ ആ പംക്തിയിലെ ഇക്കഴിഞ്ഞ നവംബർ 25 ലെ കുറിപ്പ് ഇതാ വീണ്ടും വായനയ്ക്ക്...*

'ഒരേ വൃത്തിയിൽ ഏകാഗ്രമായി വർത്തിക്കലാണു ധ്യാനം. ആ ഒരേ വൃത്തി പലതായിരിക്കുന്ന മനോവൃത്തികളെ അകറ്റുന്നു. പലതരം ചിന്തകളുമായി ചിതറുന്നതാണു മനസ്സിന്റെ ബലഹീനത...'

ആരാണു പറഞ്ഞത് മഹദ്ജന്മങ്ങൾ പർവ്വതങ്ങളിലാണു വസിക്കുന്നതെന്ന്?

ബൻസി ദേവ്റ ഈ കുറിപ്പ് ഒരിക്കലും വായിക്കുകയോ കാണുകയോ ഉണ്ടാവില്ല. അയാൾക്കിത് ആരും വായിച്ചു കൊടുക്കാനും വഴിയില്ല. മലയാളം അറിയാവുന്ന ആരും തന്നെ അയാൾക്കു ചങ്ങാതിമാരായി ഇല്ലെന്നതു തന്നെയാണ് കാരണം.

നാൽപത്തിരണ്ടു വർഷങ്ങൾക്കു മുമ്പാണ് മുംബെയിലെ അന്ധേരി വെസ്റ്റിലുള്ള ചാർ ബംഗ്ലായിലെ ഗാർഡൻ റോസ് എന്ന അപ്പാർട്മെന്റിന്റെ താഴെയുള്ള കുഞ്ഞുമുറിയിൽ അയാളും കുടുംബവും താമസം ആരംഭിച്ചത്.

ഇന്ത്യൻ എയർലൈൻസിലെ പൈലറ്റുമാരുടെ ഒരു സഹകരണസംഘത്തിനു മഹാരാഷ്ട്രാ സർക്കാർ സൗജന്യമായി നൽകിയ സ്ഥലത്താണു വൈമാനികരുടെ ഈ പാർപ്പിട സമുച്ചയം നാൽപതിലേറെ വർഷങ്ങൾക്കുമുമ്പ് കെട്ടിയുയർത്തപ്പെട്ടത്. അവിടത്തെ അന്തേവാസിയാവാൻ ദേവ്റ വൈമാനികനല്ല. വസ്ത്രങ്ങൾ ഇസ്തിരിയിടുന്ന ജോലി മാത്രം അറിയാവുന്ന ഒരാളാണ്. കഴിഞ്ഞ നാൽപത്തിരണ്ടു വർഷവും അയാൾ അതു മാത്രമാണ് ചെയ്യുന്നത്. ഇനി ആയുസ്സുള്ളിടത്തോളം കാലവും അയാൾ അതു തന്നെയേ ചെയ്യാൻ പോകുന്നുമുള്ളു എന്നുവേണം കരുതാൻ.

വൈമാനികരുടെ രണ്ടാമത്തെയും മൂന്നാമത്തെയും തലമുറ ഇവിടെ ജീവിക്കുന്നു; അപൂർവ്വം ചില വാടകക്കാരും.

ബൻസി കരികത്തുന്ന ഇരുമ്പുപെട്ടി കൊണ്ട് ഇസ്തിരിയിട്ട് അവരുടെ തുണികൾ കൃത്യസമയത്ത് അതതു വീടുകളിലെത്തിക്കണം. പ്രായവും അനാരോഗ്യവും നടുവു വളച്ചിട്ടും ചെയ്തുപോരുന്ന തൊഴിൽ വർഷങ്ങളായി തുടരുന്ന ഒട്ടേറെ പേർ നമ്മുടെ നാട്ടിലുണ്ട്. പിന്നെയെന്താണ് മുംബെയിൽ ജീവിക്കുന്ന ഈ രാജസ്ഥാനിയെക്കുറിച്ച് എഴുതുവാൻ എന്ന ചോദ്യം ഞാൻ കേൾക്കുന്നുണ്ട്. അതിന്റെ ന്യായവും തിരിച്ചറിയുന്നു.

ബൻസി ദേവ്റയുടെ മകൻ സത്യേന്ദ്ര ദേവ്റ കഴിഞ്ഞ പത്തുവർഷമായി ഇന്ത്യൻ എയർലൈൻസിൽ പൈലറ്റാണ്. വൈമാനികരുടെ യൂണിഫോം ഇസ്തിരിയിട്ടു വെടിപ്പാക്കിയതിനു കിട്ടിയ കൂലികൊണ്ടാണ് മകനെ പഠിപ്പിച്ചത്. മകന്റെ തലയിൽ വൈമാനികന്റെ തൊപ്പി ചേർന്ന ദിവസം ആഘോഷിക്കാൻ ബൻസിക്കൊപ്പം അവിടത്തെ മുഴുവൻ അന്തേവാസികളുമുണ്ടായിരുന്നു. കൈയയച്ച് അവർ നൽകിയ സഹായം കൊണ്ടുകൂടിയാണ് അതു സാധ്യമായത്.

ഒരു തൊഴിൽ തേടിയെത്തിയ തനിക്കും കുടുംബത്തിനും പാർക്കാൻ ഇടവും പണിയും നൽകിയ ഗഗനചാരികളുടെ മണ്ണിലെ വാസസ്ഥലം വിട്ട്, പൈലറ്റായ മകന്റെയൊപ്പമോ... അല്ലെങ്കിൽ ഇപ്പോൾ ജപ്പാനിൽ ഭക്ഷ്യവിതരണ മേഖലയിൽ ജോലിചെയ്യുന്ന ഇളയമകനു വാങ്ങിച്ചുതരാൻ കഴിയുന്ന സ്വന്തം വീട്ടിലേക്കോ പോകാൻ അയാൾ തയ്യാറായില്ല അല്ലെങ്കിൽ ഒരു വ്യക്തി എന്ന നിലയിലും സമൂഹജീവി എന്ന നിലയിലുമുള്ള തന്റെ മേൽവിലാസം മാറ്റാൻ അയാൾ തയ്യാറായില്ല എന്നുവേണം പറയാൻ.

നമുക്കു ശീലവും കേട്ടറിവുമുള്ള കാര്യങ്ങൾ ഭിന്നമാണ്. മക്കളെ പഠിപ്പിച്ചു 'നല്ല നിലയിൽ' എത്തിക്കാനാണു നമ്മൾ പണിയെടുക്കുന്നത്. എന്താണ് ഈ 'നല്ല നില?' സ്ഥിരവരുമാനമുള്ള ജോലി അവർക്കുണ്ടാവുക. ജോലിയുടെ വലുപ്പമനുസരിച്ചുള്ള ജീവിതപരിസരങ്ങൾ അവർ കെട്ടിപ്പടുക്കുന്നത് കാണുക. പിന്നെ അതിന്റെ സുരക്ഷിതത്വത്തിൽ ഒരു ഇടം തങ്ങൾക്കും. അവിടെ മിണ്ടാതെയിരുന്നും കിടന്നും കാലം കഴിക്കുക. അത് അവകാശമാണ്. ഏറെ നാൾ കഷ്ടപ്പെട്ടതിന്റെ പ്രതിഫലം.

ജീവിതസാഹചര്യങ്ങളുടെ നിർദേശാനുസരണം രക്ഷിതാക്കളെ വിട്ടു മക്കൾ സ്വന്തം ദേശം തേടിപ്പോയാൽ? അവിടെ സമൂഹം എന്ന കോടതി മക്കൾക്കെതിരെ ശാപവാക്കുകളുടെ ശിക്ഷാവിധിയുമായി സജീവമാകും...

'എന്നാലും തന്തയേം തള്ളയേം മറന്ന് ഇങ്ങനെ ചെയ്യാമോ?...' മാറിയ കാലം, അവരുടെ വിചിത്രമായ ജീവിതാവസ്ഥകളുടെ ചിത്രം, തിരിച്ചറിയാൻ ഈ കോടതികൾക്കാവുന്നില്ല.

നിരാലംബരായ മാതാപിതാക്കളെ കൈവിടുന്ന നീചത്വം ന്യായീകരിക്കുക എന്റെ ഉദ്ദേശ്യമല്ല.ഇതെഴുതുന്ന എനിക്കു ജന്മം തന്ന അമ്മയ്ക്കും അവരുടേതെന്നു പറയാൻ ഒരു വീടില്ല; വരുമാന മാർഗ്ഗവുമില്ല. അതുകൊണ്ടു മക്കൾക്കൊപ്പം മാറി മാറി ജീവിക്കുകയേ മാർഗമുള്ളൂ. അതിൽ ആനന്ദം കണ്ടെത്തുന്ന അച്ഛനമ്മമാരുണ്ട്; അവരെ പരിരക്ഷിക്കുന്നതിൽ സന്തോഷവാൻമാരായ മക്കളുമുണ്ട്.

എങ്കിലും എനിക്ക് ഏറെ ബഹുമാനം തോന്നുന്നു ബൻസി ദേവ്റ, നിങ്ങളോട്.'ഗാർഡൻ റോസി'ൽ എന്റെ സുഹൃത്തിനുള്ള അപ്പാർട്മെന്റിലാണ് ഞാനിപ്പോൾ. ഇനിയൊരു കോളിങ് ബെൽ ശബ്ദം കേട്ടാൽ ഉറപ്പാണ്, എനിക്കു യാത്രയിൽ ധരിക്കാനുള്ള വസ്ത്രങ്ങൾ ഇസ്തിരിയിട്ടതുമായി ചിരിക്കുന്ന കണ്ണുകളുമായി ബൻസി വാതിൽക്കലുണ്ടാവും.

സായാഹ്നങ്ങളിൽ ഈ സമുച്ചയത്തിലെ പൂന്തോട്ടത്തിൽ ബൻസിയും ഭാര്യയും കാറ്റുകൊള്ളാനും കഥ പറയാനുമായി ഇരിക്കുന്നതു കണ്ടിട്ടുണ്ട്. ആകാശം വിമാനങ്ങളുടെ മുഴക്കങ്ങൾ കൊണ്ടു നിറഞ്ഞ പകലറുതിയിൽ നേർത്ത മഞ്ഞവെയിലിൽ രമണ മഹർഷിയുടെ വാക്കുകൾ അവർക്കു ചുറ്റിലും തെളിയുന്നുണ്ടോ?

'ഒരേ വൃത്തിയിൽ ഏകാഗ്രമായി വർത്തിക്കലാണു ധ്യാനം. ആ ഒരേ വൃത്തി പലതായിരിക്കുന്ന മനോവൃത്തികളെ അകറ്റുന്നു. പലതരം ചിന്തകളുമായി ചിതറുന്നതാണു മനസ്സിന്റെ ബലഹീനത...' ആരാണു പറഞ്ഞത് മഹദ്ജന്മങ്ങൾ പർവ്വതങ്ങളിലാണു വസിക്കുന്നതെന്ന്?






# ഗറില്ലാ ഗാർഡനിംഗ്

ബിജു ജോൺ

**അന്യരുടെ സ്ഥലത്ത് മരങ്ങളും ചെടികളും വെച്ചുപിടിപ്പിച്ച് നടത്തുന്ന സർഗ്ഗാത്മകമായ ഒരു സമര മാർഗ്ഗത്തെ കുറിച്ച്....**

അമേരിക്കയിൽ നടക്കുന്ന വാൾ സ്ട്രീറ്റ് പ്രക്ഷോഭകാരികളിൽ ചിലർ അവലംബിച്ച വ്യത്യസ്തമായ ഒരു സമര മാർഗ്ഗമാണ് ഗറില്ലാ ഗാർഡനിംഗ്. ഗറില്ലാ സമര മാർഗ്ഗങ്ങളിൽ തന്നെ പെടുത്താവുന്ന അഹിംസാത്മകമായ ഒരു സമരമാർഗ്ഗമാണിത്. വിത്തുകളും ചെടികളും പൊതുസ്ഥലത്തും മറ്റും സമ്മതമില്ലാതെ പാകുകയും നട്ടുപിടിപ്പിക്കുകയും ചെയ്യുന്നതാണ് 'ഗറില്ലാ ഗാർഡനിംഗ്.' ലോകമെമ്പാടും നടന്നുവന്നിരുന്ന ഇത് ഇന്നും വ്യാപകമായി പ്രയോഗിക്കപ്പെടുന്നു. 'അന്യസ്ഥലത്തെ കൃഷി' എന്ന ഈ സമരമാർഗ്ഗം ഒരു ഒളിപ്പോരാട്ടം തന്നെ. രാത്രിയിലും ആരും ശ്രദ്ധിക്കാത്ത സമയത്തും മറ്റും ഒരു കൂട്ടം ആളുകൾ പാർക്കുകളും റോഡ് വക്കുകളും, ഒഴിഞ്ഞ ഇടവും, തരിശുനിലങ്ങളിലും എന്നുവേണ്ട പൊതുസ്ഥാപനങ്ങളുടെ ടെറസ്സിലും വരെ പെട്ടെന്ന് കടന്നുകൂടി വിത്ത് പാകി കടന്നുകളയുന്നു. മഞ്ഞും മഴയും വെയിലും തട്ടി ദിവസങ്ങൾക്കകം അതാ ചെടികൾ വളരുന്നു. പൂത്തുതളിർക്കുന്നു. ബാലാരിഷ്ഠത പിന്നിട്ട് വളർന്നുകഴിയുമ്പോൾ പിന്നെ അത് അധികാരികൾക്ക് തലവേദനയാവും. പൂക്കളും കായ്കളും ഏത് അധികാരികളുടെ മനമാണ് ഇളക്കാത്തത്..?

ഭൂമിയുടെ മേലുള്ള അവകാശം, ഭൂപരിഷ്കരണം, ഭൂഉടമസ്ഥതയുടെ വിനിമയം... എന്നിങ്ങനെയുള്ള പ്രശ്നങ്ങളിലാണ് ഈ ചെടിനടീൽ സമരയജ്ഞം സംഘടിക്കപ്പെട്ടുതുടങ്ങിയത്. പലരും രഹസ്യമായി, രാത്രിയിലും മറ്റും സൂത്രത്തിൽ പണിപറ്റിക്കുമ്പോൾ ചിലർ പരസ്യമായി മറ്റുള്ളവർക്കു കൂടി പ്രചോദനമാകുന്ന വിധത്തിൽ പട്ടാപ്പകൽ തന്നെയാണ് ഉദ്യാന നിർമ്മാണം നടത്തുന്നത്.

ഒന്നാലോചിച്ചാൽ ഏറ്റവും സർഗ്ഗാത്മകവും ക്രിയാത്മകവുമായ ഒരു സമരരൂപമാണിത്. 1973-ൽ 'ഗ്രീൻ ഗറില്ലാ ഗ്രൂപ്പ്' എന്ന സംഘടനയുടെ, സ്ഥാപക ലിസ് ക്രിസ്റ്റിയാണ് 'ഗറില്ലാ ഗാർഡനിംഗ്' എന്ന പദപ്രയോഗം ആദ്യം നടത്തിയത്. കേവലം ചെടിനട്ടു പരിപാലിക്കൽ എന്നതിനപ്പുറം കൃത്യമായ ഒരു രാഷ്ട്രീയ പ്രതിരോധം തന്നെയാണീ സമരമാർഗ്ഗം.

കാലിഫോർണിയയിലെ ബർക്കലെയിലെ പ്യൂപ്പിൾസ് പാർക്ക്, ഇത്തരത്തിൽ ജനങ്ങൾ കയ്യേറി ബലമായി പൂന്തോട്ടം വെച്ചുപിടിപ്പിച്ചും മരങ്ങൾ നട്ടും നിർമ്മിച്ച പാർക്കാണ്. മുമ്പ് ഇത് കാലിഫോർണിയ യൂണിവേഴ്സിറ്റി വക സ്ഥലമായിരുന്നു. യൂണിവേഴ്സിറ്റി അക്വയർ ചെയ്ത് ഏറ്റെടുത്ത് കൈവശം വെച്ചിരുന്ന ഭൂമിയിൽ യാതൊന്നും ചെയ്യാതെ തരിശിട്ടതിൽ പ്രതിഷേധിച്ച് ജനങ്ങൾ ഭൂമി കയ്യേറി പാർക്കാക്കി പരിവർത്തിപ്പിക്കുകയായിരുന്നു.

ലോസ് ആഞ്ചൽസിലെ ഗ്രീൻ എയ്ഡ് എന്ന സംഘടനയാവട്ടെ വിത്തും, മണ്ണും, കമ്പോസ്റ്റും ചേർത്ത് ഉരുളകളാക്കി 'വിത്ത് ബോംബ്' ഉണ്ടാക്കിയും വിക്ഷേപിക്കാനുള്ള യന്ത്രങ്ങൾ ഉണ്ടാക്കിയും വിത്ത് പോരാളികൾക്ക് പിന്തുണ നൽകി. പുറമ്പോക്കുകൾ കയ്യേറി ഭക്ഷണയോഗ്യമായ ഭക്ഷ്യധാന്യങ്ങളും മറ്റും ഉല്പാദിപ്പിച്ച് പട്ടിണിയോട് പോരാടാനും പുറമ്പോക്കു കൃഷിസമരം സഹായിക്കുന്നു. പുഴയോരത്തും മറ്റു പുറമ്പോക്കുകളിലും കൃഷി ചെയ്തു ജീവിതം നിലനിർത്തുന്ന നമ്മുടെ നാട്ടിലെ സാധാരണ കർഷകനും ഗറില്ലാ പോരാളി തന്നെ?

1996-ൽ ഡെൻമാർക്കിൽ 1000 പേർ പങ്കെടുത്ത പൂന്തോട്ട വിപ്ലവത്തിൽ ഒറ്റ രാത്രികൊണ്ട് നഗരമധ്യത്തിലെ ഒഴിഞ്ഞ സ്ഥലം മനോഹരമായ പാർക്കാക്കി മാറ്റി. 1996 ൽ തന്നെ 500 പേർ ചേർന്ന് തെക്കൻ ലണ്ടനിലെ 13 ഏക്കർ വരുന്ന ഗിന്നസ് കമ്പനിയുടെ ഭൂമിയാണ് ഉദ്യാനമാക്കിയത്.

2000-ൽ ലണ്ടനിലെ പാർലമെന്റ് സ്ക്വയറിൽ സാംബാ വാദ്യമേളത്തോടെ ആഘോഷമായി വന്നാണ് ഉദ്യാന ഗറില്ലകൾ പരസ്യമായി പച്ചക്കറികളും പഴവർഗ്ഗങ്ങളും നട്ടുപിടിപ്പിച്ചത്. പടുകൂറ്റൻ മേപ്പിൾ മരത്തെത്തന്നെ പറിച്ച് നടുകയും ചെയ്തു.

മെയ് 1 അന്തർദേശീയ 'സൂര്യകാന്തി ഗറില്ലാ ഗാർഡനിംഗ് ദിന'മായി ചില രാജ്യങ്ങൾ ആചരിച്ച് അന്നേ ദിവസം സൂര്യകാന്തി വിത്തുകൾ പാകുന്നു.

റിച്ചാർഡ് റയ്നോൾഡ് എന്ന ഒരു ആക്ടിവിസ്റ്റ് 2004-ൽ ഗറില്ലാ ഗാർഡനിംഗ് എന്ന പേരിൽ ഒരു വെബ്സൈറ്റും ബ്ലോഗും തുടങ്ങി ഗറില്ലാ ഗാർഡനിംഗിനെ രാജ്യാന്തര തലത്തിൽ പ്രമോട്ട് ചെയ്തുവരുന്നു. നമുക്കും പരീക്ഷിച്ചാലോ ഈ ഗറില്ലാ ഗാർഡനിംഗ്?

പൊതുസ്ഥലത്തും പാർക്കിലും വഴിയോരത്തും ആരും തിരിഞ്ഞുനോക്കാത്ത തരിശുനിലങ്ങളിലും വിതറാൻ ഒരു പിടി വിത്തു കരുതിയാൽ മതി. രാത്രികാലങ്ങളിൽ പോസ്റ്ററൊട്ടിക്കാൻ ഉറക്കമൊഴിച്ച് നടക്കുമ്പോൾ വേണമെങ്കിൽ പരീക്ഷിക്കാം ഈ ഒളിപ്പോരാട്ടം.

വിത്തുകൾ ചെറിയ മൺ ഉരുളകളാക്കി ഉണക്കി സഞ്ചിയിൽ കരുതി ലോകമെങ്ങും സഞ്ചരിച്ചിരുന്ന ഫുക്കുവോക്ക എവിടെ ചെന്നാലും ചെയ്യുന്ന ഒരു കാര്യം തന്റെ വിത്തു ഗുളികകൾ അവിടെ വിക്ഷേപിക്കുക എന്നതാണ്. എന്നെങ്കിലും ഏതെങ്കിലും കാലത്ത് പൂക്കളും കായ്കളുമൊക്കെയായി ഒരു മരം ഉയർന്നു നിൽക്കുന്ന സ്വപ്നം കണ്ടായിരിക്കണം ആ മഹായോഗി അത് ചെയ്തിരുന്നത്!

അതിനാൽ നമുക്കിനി വിത്തും ചെടിയും നടീൽ സമരങ്ങൾ ആരംഭിക്കാം.

രാജസ്ഥാൻ യാത്ര

# രാജസ്ഥാൻ ഗ്രാമങ്ങളിലെ വികസന മാതൃകകൾ..

അബ്ദുള്ളക്കുട്ടി എടവണ്ണ

*ലളിതവും പ്രായോഗികവുമായ ഒട്ടേറ വിജയിപ്പിച്ച മാതൃകകൾ നാം നേരിടുന്ന പല പ്രശ്നങ്ങൾക്കും പരിഹാരമായി ഇന്ത്യയിലുടനീളം നിലനിൽക്കുന്നുണ്ട്. എന്നാൽ ആസൂത്രണ വിദഗ്ധൻമാരോ, സർക്കാർ സംവിധാനങ്ങളോ, തെളിയിക്കപ്പെട്ട ഈ മാതൃകകളെ മാതൃകകളായി പറയുമെന്നല്ലാതെ പദ്ധതികളായി ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല.*


രാജസ്ഥാൻ ഗ്രാമങ്ങളിൽ ചെന്നാൽ അമ്പതുകൊല്ലം പിറകിലേക്ക് സഞ്ചരിച്ചതുപോലെ തോന്നും. എങ്കിലും ഇടയ്ക്ക് മാനം മുട്ടെ ഉയർന്നുനിൽക്കുന്ന മൊബൈൽ ടവറുകളും കൃഷിയിടത്തിൽ മൊബൈൽഫോൺ ഉപയോഗിക്കുന്ന കൃഷീവലൻമാരും. വയൽക്കരയിലൂടെ ചീറിപ്പായുന്ന ബൈക്കുകളും അക്ഷരത്തെറ്റ് പോലെ വേറിട്ട് നിൽക്കുന്ന പുതിയ കാലത്തിന്റെ സൂചനകളാകും. കാളവണ്ടിയിൽ കമ്പ്യൂട്ടറുകൾ കയറ്റിക്കൊണ്ടുപോകുന്ന ഇന്ത്യൻ ഗ്രാമദൃശ്യത്തിന്റെ കാർട്ടൂൺ കാഴ്ചകൾ പോലെ. ദാരിദ്ര്യവും നിരക്ഷരതയും ജാതീയതയും രോഗങ്ങളും വരൾച്ചയും എല്ലാം സമൃദ്ധമായിത്തന്നെ നിലനിൽക്കുന്ന ഗ്രാമങ്ങൾ. തെരഞ്ഞെടുപ്പ് കാലത്ത് മാത്രം 'രാഷ്ട്രീയം' കേൾക്കുന്ന പൗരൻമാർ. ശരിക്കും ഇന്നും ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ തന്നെ എന്ന് ബോധ്യപ്പെടുത്തിയ ദിനങ്ങൾ ആയിരുന്നു പിന്നിട്ടത്.

വികസന പ്രവർത്തനങ്ങൾ ഫണ്ടുകളായി ഈ ഗ്രാമങ്ങളിലേക്കെല്ലാം വരുന്നുണ്ട്. പലതും ഇടനിലക്കാരിലൂടെ താഴേക്ക് വരുമ്പോഴേക്കും ചോർച്ച സംഭവിക്കുന്നു. ചില സന്നദ്ധസംഘടനകൾ കൃത്യമായ കാഴ്ചപ്പാടോടെ ഇടപെടുന്ന സ്ഥലങ്ങളിൽ ഉണർവ്വും തെളിച്ചവും കാണുന്നുമുണ്ട്.

യാത്രാവേളയിൽ വെറുതെ മനസ്സിൽ തോന്നി. നിരവധി സാമൂഹ്യ പരിവർത്തന പ്രസ്ഥാനങ്ങളും ആക്ടിവിസ്റ്റുകളും നിറഞ്ഞുനിൽക്കുന്ന കേരളത്തിൽ നിന്ന് കുറച്ചു പേർക്കെങ്കിലും ഈ മറുനാടൻ ഗ്രാമങ്ങളിൽ എത്തരുതോ? കേരളത്തിലെ പുരോഗമന പ്രസ്ഥാനങ്ങൾക്ക് കുറച്ചു പ്രവർത്തകരെയെങ്കിലും ഭാഷ പഠിപ്പിച്ച് ഉത്തരേന്ത്യയിലേക്ക് റിക്രൂട്ട് ചെയ്തയക്കാം. പക്ഷേ കേരളത്തിലെ സാമൂഹ്യ വിപ്ലവ പ്രവർത്തനങ്ങൾക്ക് പ്രഭാഷണവും മാധ്യമ-ചാനൽ ചർച്ചകളും പുസ്തകമെഴുത്തും എ.സി കാറുകളുമൊക്കെയായി ഒരുതരം വൈറ്റ് കോളർ മാന്യതയുണ്ട്. ഈ 'ഫൈവ് സ്റ്റാർ പദവി'കൾ വിട്ടുപോരാൻ എത്ര പേർ തയ്യാറാകും?

ഇങ്ങനെയൊക്കെയാണെങ്കിലും വിരലിലെണ്ണാവുന്ന മലയാളികൾ കേരളത്തിനു പുറത്ത് മികച്ച രീതിയിൽ സാമൂഹ്യസേവനരംഗത്ത് പ്രവർത്തിക്കുന്നവരുമുണ്ട്. വർഷങ്ങളായി രാജസ്ഥാനിലെ ജലസംരക്ഷണ-സാനിറ്റേഷൻ മേഖലയിൽ പ്രവർത്തിച്ചുവരുന്ന മാത്യൂസ് മുല്ലയ്ക്കലിനെ യാത്രയ്ക്കിടയിൽ ഞങ്ങൾ കണ്ടുമുട്ടിയത് ഭാഗ്യമായി. ഏതാനും ദിവസങ്ങൾ ജയ്പ്പൂരിൽ അദ്ദേഹം ഞങ്ങളുടെ ആതിഥേയനുമായി. തന്റെ കർമ്മമേഖല ഉത്തരേന്ത്യൻ ഗ്രാമീണർക്കിടയിൽ തന്നെയാവണമെന്ന് ആഗ്രഹിക്കുന്നയാളാണ് മാത്യൂസ്. ഗ്രാമങ്ങളിലേക്കുള്ള ഞങ്ങളുടെ യാത്രകളിൽ അദ്ദേഹത്തിന്റെ മാർഗ്ഗനിർദേശങ്ങൾ ഏറെ പ്രയോജനപ്പെട്ടു.


രാജസ്ഥാനികളുടെ പരമ്പരാഗത ഗ്രാമസംവിധാനങ്ങളെക്കുറിച്ച് മാത്യൂസ് ഞങ്ങൾക്ക് പറഞ്ഞുതന്നിരുന്നു. ഭൂമിയുടെ ചരിവ് നോക്കി ബണ്ട് കെട്ടി കുറഞ്ഞ വർഷപാതത്തിലൂടെ കിട്ടുന്ന വെള്ളം സംരക്ഷിക്കുന്ന രീതി. ബണ്ടിന് താഴെയായിരിക്കും ആവാസകേന്ദ്രങ്ങൾ. ആവാസമേഖലകളെ കുളം, മേച്ചിൽ സ്ഥലം, കാവ്, കൃഷിയിടം, താമസസ്ഥലം, എന്നിങ്ങനെ വേർതിരിച്ച് നിർത്തിക്കൊണ്ടുള്ള ആസൂത്രിത ഗ്രാമങ്ങൾ രാജസ്ഥാന്റെ പരമ്പരാഗത രീതികളാണ്. മഴവെള്ളം സംഭരിച്ചുവെക്കാൻ ഭൂമിക്കടിയിൽ 'ടാങ്ക' എന്ന ഭീമൻ സംഭരണികളുണ്ടാകും. കാലാവസ്ഥയുടെയും ഭൂപ്രകൃതിയുടെയും പരുക്കൻ മുഖങ്ങളെ അതിജീവിക്കാൻ തലമുറയായി കൈമാറിപ്പോന്ന ഈ നാട്ടറിവുകളെ പുത്തൻ വികസന സങ്കൽപങ്ങൾ തകർത്തു കഴിഞ്ഞിട്ടുണ്ട്. ഇതിന്റെയെല്ലാം ഒറ്റപ്പെട്ട ചില ബാക്കിപത്രങ്ങളാണ് ഗ്രാമങ്ങളിൽ ഞങ്ങൾക്ക് കാണാൻ കഴിഞ്ഞത്. സർക്കാർ മോഡൽ വികസന പദ്ധതികളെല്ലാം തനതായ മാതൃകകളെ തകർത്തുകൊണ്ടാണല്ലോ കടന്നുവരിക. പഞ്ചാബിൽ നിന്ന് കൃത്രിമമായി നിർമ്മിച്ച ഇന്ദിരാഗാന്ധി കനാൽ വഴി രാജസ്ഥാൻ മരുഭൂമിയിലേക്ക് വെള്ളമെത്തിക്കാൻ വിഭാവനം ചെയ്ത വൻകിട പദ്ധതികൊണ്ട് സംഭവിച്ചതും ഇതൊക്കെ തന്നെയാണ് എന്ന് മാത്യൂസ് ചൂണ്ടിക്കാണിച്ചു. പൈപ്പുവെള്ളമെത്തിയാൽ പരമ്പരാഗത രീതിയെ ആരാണ് പുണരുക? പല വികസനപദ്ധതികളും നിലനിൽക്കുന്നതല്ലെന്ന് തിരിച്ചറിയുമ്പോഴേക്ക് പരമ്പരാഗത രീതികൾ നഷ്ടപ്പെട്ടിട്ടുണ്ടാവും. ഈ പരമ്പരാഗത രീതികൾ തിരിച്ചുകൊണ്ടുവരാനാണ് 'ജലഭാഗീരഥി' പോലെയുള്ള സ്ഥാപനങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.



മാത്യൂസ് മുല്ലയ്ക്കൽ

'സുസ്ഥിരവികസനം' എന്നൊക്കെ പ്രയോഗിക്കുമെങ്കിലും ഒരിക്കലും ചേരാത്ത രണ്ട് സാങ്കേതികപദങ്ങൾ ചേർന്നുനിൽക്കുന്ന ഓക്സിമെറോൺ (Oxymeron) ആണ് സുസ്ഥിരവികസനം എന്ന പ്രയോഗം തന്നെ. സുസ്ഥിരം, വികസനം - രണ്ടും ഒരിക്കലും ഒത്തുപോവില്ല. മാത്യൂസ് പറയുന്നു.

ഓരോ പ്രദേശത്തിനും തനതായ ജീവിത സമ്പ്രദായങ്ങളും സംസ്കാരവും ഉള്ളതുപോലെ അവിടേക്ക് വരുന്ന വികസന പദ്ധതികൾക്കും തനതായ രീതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ഉദാഹരണത്തിന് രാജസ്ഥാൻ ഗ്രാമങ്ങളിൽ നടപ്പിലാക്കുന്ന ടോട്ടൽ സാനിറ്റേഷൻ പ്രൊജക്ട്. അതിൽ എല്ലാ ഗ്രാമീണർക്കും കക്കൂസ് നിർമ്മിച്ചുകൊടുക്കുന്ന പദ്ധതിയുണ്ട്. കുറേ കക്കൂസ് നിർമ്മാണം നടക്കുമെന്നല്ലാതെ ഇതിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിക്കാനാവുന്നില്ല. കാരണം ഗ്രാമജീവിതം പരിഗണിക്കാതെയാണ് ഈ കക്കൂസ് നിർമ്മാണം എന്ന് മാത്യൂസ് പറയുന്നു. രാജസ്ഥാനിലെ പല ഗോത്രങ്ങളും നാടോടികളാണ്. വരൾച്ചാകാലത്ത് അവരിങ്ങനെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു.



*പറമ്പിലെ മുക്കുറ്റിയെയോ, വേലിപ്പടർപ്പിലെ കൊങ്ങിണി പൂവിനെയോ, നിമിഷ നേരത്തേക്ക് ഒന്ന് നോക്കി നിന്നാൽ മനസ്സിൽ നിന്ന് ഇരുളൊഴിയും ജീവന്റെ തുടിപ്പും സൗന്ദര്യവും നമ്മെ ആഹ്ളാദിപ്പിക്കും.*

# ഒഴുകുന്ന മേഘത്തെയോ...

കെ. അരവിന്ദാക്ഷൻ

ജീവിതം ഇരുണ്ടതാണ്. പ്രകാശമേയില്ല ഭാവിയിൽ. ഇങ്ങിനെയൊരുകാലം ഉണ്ടായിട്ടില്ല. ഈ ലോകം നന്നാവില്ല. എന്നിങ്ങനെ ലോകത്തെ പഴിക്കുകയും സ്വയം ശപിക്കുകയും ചെയ്യുന്ന അനവധി പേരുണ്ട്. എന്റെ പലേ സ്നേഹിതരും ഇരുട്ടിന്റെ വക്താക്കളാണ്. ഞാനും ചിലപ്പോഴൊക്കെ, ഇരുളാണ് ചുറ്റിനും വെളിച്ചം ഏതുമേയില്ലല്ലോയെന്ന് നിശബ്ദമായി കരയാറുണ്ട്. ഭൂമിയിൽ എവിടെയാണ് ഹിംസയില്ലാത്ത ഒരിടം?. അപഗ്രഥിക്കും തോറും ഇരുട്ടിന്റെ കനമേറും. എന്റെ നെഞ്ചിന്റെ ഭാരമേറും. ഇത് നിങ്ങൾക്കും അനുഭവപ്പെടാറുണ്ടാകും.

പക്ഷെ, വിടർന്നു നിൽക്കുന്ന ഒരു പൂവിനെയോ ഒഴുകുന്ന മേഘത്തെയോ, ജലത്തിൽ നീന്തുന്ന മീനിനെയൊ, കുമ്പള വള്ളിയിൽ ഞാന്നുകിടക്കുന്ന പിഞ്ചുകുമ്പളങ്ങളെയോ, ഒരു പൂച്ചക്കുഞ്ഞിനെയോ, പ്രകാശം പരത്തുന്ന കണ്ണുകളുള്ള എലിക്കുഞ്ഞിനെയോ വിശാലമായ മാനത്ത് പറക്കുന്ന പക്ഷിയെയോ, അമ്മയുടെ ഒക്കിലിരുന്ന് ചിരിക്കുന്ന കുഞ്ഞിനെയോ, തുള്ളിക്കളിക്കുന്ന ആട്ടിൻകുട്ടിയെയൊ, അമ്മയുടെ അകിടിൽ മുട്ടിക്കുടിക്കുന്ന പശുക്കിടാവിനെയോ, മഴവില്ലിനെയോ, ഉദിച്ചുപൊങ്ങുന്ന സൂര്യനെയോ, തെങ്ങോലകൾക്കിടയിലെ ചന്ദ്രനെയോ, കണ്ണിലേക്ക് സ്വർണ്ണനൂൽ കോർക്കുന്ന നക്ഷത്രത്തെയോ പറമ്പിലെ മുക്കുറ്റിയെയോ, വേലിപ്പടർപ്പിലെ കൊങ്ങിണി പൂവിനെയോ, നിമിഷ നേരത്തേക്ക് ഒന്ന് നോക്കി നിന്നാൽ മനസ്സിൽ നിന്ന് ഇരുളൊഴിയും ജീവന്റെ തുടിപ്പും സൗന്ദര്യവും നമ്മെ ആഹ്ളാദിപ്പിക്കും.

നാം പറയും: ഇത് താൽക്കാലികമാണ്. ഒരൊറ്റ കാഴ്ച്ചക്കപ്പുറത്തേക്കില്ല. വീണ്ടും ഇരുട്ട് തന്നെയാണ്. ഇത് നമ്മുടെ കണ്ണിന്റെ പരിമിതിയാണ്. നാം പുറം കണ്ണിലാണ് അവയെ നോക്കുന്നത്. ഉൾക്കണ്ണിൽ മേഘവുമായോ മീനുമായോ മഴവില്ലുമായോ സംസാരിക്കാനാവുമോയെന്ന് നാം ശ്രമിക്കാറില്ല. മൗനത്തിലൂടെ അവയുമായി സംസാരിക്കാൻ കഴിഞ്ഞാൽ, പിന്നെ നമ്മുടെ ഉള്ളിൽ തിരയടിക്കുന്നത് ആനന്ദം മാത്രമായിരിക്കും.

പക്ഷെ, ഈ സംവാദം ക്ലേശകരമാണ്. അപകരമായ ക്ഷമ ആവശ്യമായത്. പൂവിനെ നോക്കുന്ന നിമിഷത്തിൽ, ഞാൻ പരിപൂർണ്ണമായും ആ നിമിഷത്തിന്റെ ജാഗ്രയിലാണ്. ഭൂതത്തിലും ഭാവിയിലുമല്ല എന്റെ മനസ്സ് വർത്തമാന നിമിഷത്തിൽ.

ഈയൊരവസ്ഥയിലേക്ക് എത്തുവാനുള്ള യത്നങ്ങളാണ് ജീവിതം. അപൂർവ്വം പേർ ഇതറിയുന്നു. അനേകം പേർ ഇതറിയുന്നുമില്ല. അറിയുന്നവന്റെ /അവളുടെ വേദന ആനന്ദമാകാൻ ചിലപ്പോൾ ഈ ജന്മത്തിൽ സാധിക്കണമെന്നില്ല. പക്ഷെ, അറിയുന്നവന് ശ്രമിക്കാതിരിക്കാനാവില്ല. അതാണയാളുടെ വേദനയും, ദുരന്തവും.

---

വരൾച്ചയെ നേരിടാൻ കുറച്ചുപേർ മാറിപ്പോയെ മതിയാവൂ. അവർ വഴിയിൽ ഏതെങ്കിലും കൃഷിയിടത്തിൽ കൂടാരം കെട്ടി താമസിക്കുന്നു. മലമൂത്രവിസർജ്ജനം കൃഷിയിടത്തിലെ തുറന്ന പ്രദേശത്ത് നിർവ്വഹിക്കും. കൃഷിയിടത്തിന്റെ ഉടമ തന്റെ മണ്ണിൽ വളവും ഈർപ്പവും നിലനിർത്താൻ സഹായിക്കുന്ന ഈ നാടോടികൾക്ക് സന്തോഷത്തോടെയാണ് കൂടാരം പണിയാൻ അനുവാദം കൊടുക്കുക. വരണ്ടുകിടക്കുന്ന രാജസ്ഥാൻ മണ്ണിന്റെ ആഘാതം കുറയ്ക്കുന്നതിന് ഈ തുറന്ന കക്കൂസുകൾ വഹിക്കുന്ന പങ്ക് ചെറുതല്ല. ഈ സവിശേഷതകൾ പരിഗണിക്കാതെയുള്ള കക്കൂസ് നിർമ്മാണം അശാസ്ത്രീയമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

പ്രകൃതിയുടെ സംവിധാനങ്ങൾ പഠിച്ചാൽ, മാതൃകയാക്കിയാൽ വേസ്റ്റ് ഉണ്ടാവില്ല. ഒന്നിന്റെ വേസ്റ്റ് മറ്റൊന്നിന് ഉപയോഗിക്കാൻ കഴിയും വിധമുള്ള ‘സീറോ വേസ്റ്റ് മാനേജ്മെന്റ്’ ആണ് പ്രകൃതിയിലുള്ളത്. അത് പ്രാവർത്തികമാക്കുകയാണ് വേണ്ടത്. ഒരു വീടിന്റെ അഴുക്കുജലം പിടിച്ചെടുക്കാൻ രണ്ട് മരം മതിയാവും. ഇങ്ങനെയുള്ള ലളിതവും പ്രായോഗികവുമായ ഒട്ടേറ വിജയിപ്പിച്ച മാതൃകകൾ നാം നേരിടുന്ന പല പ്രശ്നങ്ങൾക്കും പരിഹാരമായി ഇന്ത്യയിലുടനീളം നിലനിൽക്കുന്നുണ്ട്. ബദലുകളുടെ ഒന്നാന്തരം മാതൃകകൾ. എന്നാൽ ആസൂത്രണ വിദഗ്ധൻമാരോ, സർക്കാർ സംവിധാനങ്ങളോ, തെളിയിക്കപ്പെട്ട ഈ മാതൃകകളോ മാതൃകകളായി പറയുമെന്നല്ലാതെ (ഒരുപക്ഷേ പുരസ്കാരങ്ങൾ കൊടുക്കും) പദ്ധതികളായി ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല. ചെറുകിട പദ്ധതികൾ നടപ്പിലാക്കിയാൽ ലാഭം കുറയുമെന്നതുകൊണ്ടാവാം.

മാത്യൂസ് ചൂണ്ടിക്കാണിച്ച കാര്യങ്ങൾ മനസ്സിൽ നിറഞ്ഞുനിന്നതുകൊണ്ട് യാത്രയിൽ, മുമ്പിൽ വന്ന ഓരോ കാഴ്ചകളിലേക്കും സൂക്ഷ്മതയോടെ കണ്ണുകൾ പായിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞു. യാത്രയിലൂടെ തൊട്ടറിയുന്ന ജീവിതസത്യങ്ങളുണ്ട്. അതുപോലെ പ്രധാനമാണ് ചില സത്യങ്ങൾ അറിഞ്ഞതിനുശേഷമുള്ള യാത്രകളും.

A bird asked a bee: “ You work so hard to make honey and people steal from you... Dont you feel sad?” Bee: “ No because they can never steal my art of MAKING HONEY.” Just because somebody steals something from you doesn’t mean they can make it just like you do.

*SMS*

ജീവിതചിന്ത

## സഹകരണത്തിന്റെ സങ്കീർത്തനം

**പി.പി. സുരേഷ് കുമാർ**

ദേവാൻ ഭാവയതാനേന
തേ ദേവാ ഭാവയന്തു വഃ
പരസ്പരം ഭാവയന്തഃ
ശ്രേയഃ പരമാപ്സ്യഥ
(3-ാം അധ്യായം 11-ാം ശ്ലോകം)
-ഭഗവദ്ഗീത

യജ്ഞം ചെയ്ത് ദേവൻമാരെ പരിപോഷിപ്പിക്കുക. ദേവൻമാർ നിങ്ങളെയും പരിപോഷിപ്പിക്കും. പരസ്പരം പരിപോഷിപ്പിച്ച് ഉന്നതമായ ശ്രേയസ്സ് പ്രാപിക്കുമാറാകട്ടെ.

പരസ്പരം സഹായിച്ച്, സഹകരിച്ച് ജീവിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നതാണ് ഈ ഗീതാ ശ്ലോകം. ഈ ലോകം ഒരു സമൂഹമാണ്. ഇവിടെ തനിക്കുവേണ്ടി മാത്രം ജീവിക്കുന്നവൻ ഈ മനോഹരജീവിതത്തിന്റെ വിലയറിയുന്നില്ല. പരസ്പര കർമ്മം ചെയ്ത് ജീവിക്കാനാണ് ബ്രഹ്മാവ് പ്രജകളെ സൃഷ്ടിച്ചതെന്ന് മുമ്പൊരു ശ്ലോകത്തിൽ പറഞ്ഞതിന്റെ തുടർച്ചയാണിത്. ദേവൻമാരെ തൃപ്തിപ്പെടുത്താനുള്ള യജ്ഞയാഗാദി കർമ്മങ്ങളെ സംബന്ധിച്ചാണ് ഈ വരികളെന്നു തോന്നുമെങ്കിലും യജ്ഞമെന്നതിന് സമൂഹ ഉത്കർഷത്തിനുവേണ്ടിയുള്ള നിസ്വാർത്ഥ കർമ്മമെന്ന് അർത്ഥമെടുക്കുമ്പോൾ ചിത്രമാകെ മാറുന്നു. ദേവൻമാർ എന്നതിന് സഹജീവികൾ എന്നാണിവിടെ അർത്ഥം. അങ്ങോട്ടുമിങ്ങോട്ടും സഹായിച്ച് പുരോഗതി പ്രാപിക്കുക എന്ന ലളിതമെങ്കിലും മഹത്വമാർന്ന ഒരു ദർശനത്തിന്റെ സങ്കീർത്തനമായി ഈ ശ്ലോകം മാറുന്നു. ഒരു മരം നട്ടാൽ അതു നമുക്ക് ഫലങ്ങൾ നൽകുന്നു; തണലും നൽകുന്നു. നാമതിന് വെള്ളവും വളവും നൽകിയാൽ പൂർവ്വാധികം താൽപര്യത്തോടെ അത് നമുക്ക് ഫലങ്ങൾ ഉത്പാദിപ്പിച്ചു തരുന്നു. എല്ലാ ജീവജാലങ്ങളും അതിന്റെ ഗുണഫലമനുഭവിക്കുന്നു. ഇത് നമ്മുടെ അനുഭവമാണ്. പ്രകൃതിയിലുടനീളം ഈ പാരസ്പര്യം ദർശിക്കാവുന്നതാണ്. മനുഷ്യന്റെ കാര്യത്തിലെത്തുമ്പോൾ മാത്രം ഇതൊരു ചർച്ചാവിഷയമാകുന്നു. അതിനു കാരണം അവന്റെ സ്വാർത്ഥതയത്രെ. മനുഷ്യന് പ്രകൃതിക്ക് അടിമയായി ജീവിക്കാനാവില്ല. അവന്റെ വിശേഷബുദ്ധി തന്നെ അതിനു കാരണം. എന്നാൽ പ്രകൃതിയെ ചൂഷണം ചെയ്യണമെന്ന് അതിനർത്ഥമില്ല. ബാഹ്യപ്രകൃതിയെ നിരീക്ഷിച്ച് ആന്തരിക പ്രകൃതി ചിട്ടപ്പെടുത്താൻ അവൻ ബാദ്ധ്യസ്ഥനാണ്.



കവിമൊഴി

**ബിജു കാഞ്ഞങ്ങാട്**

## കാണാതാവുന്നവരുടെ പട്ടിക...

ഞാൻ ഇപ്പോഴും ഒരു നാട്ടുമ്പുറത്തുകാരനാണ്. സ്കൂളോർമയിലെ വഴികളെയെല്ലാം കൂടെക്കൊണ്ടു നടക്കുന്ന മിടുക്കനല്ലാത്ത ഒരു കുട്ടി എന്നിലെപ്പോഴുമുണ്ട്. മഴ മാറിയാൽ പൂഴിയിൽ കാലിന്റെ പെരുവിരലമർത്തി 'മിന്നൽച്ചിത്ര'ങ്ങളുണ്ടാക്കാനും കുണ്ടനിടവഴികളിലൂടെ പച്ചപ്പിൽ മഴ നനയാനും അവൻ ഇപ്പോഴും ആഗ്രഹിക്കുന്നു. ഇപ്പോഴും മതിലില്ലാത്ത ഒരേയൊരു വീട് എന്റേതാണ്. അതൊരടയാളവുമാണ്. എന്നാൽ കാഞ്ഞങ്ങാടും മാറിത്തുടങ്ങി. ഞങ്ങൾ ക(ു)ളിച്ചുവളർന്ന മുച്ചിലോട്ടെ കുളത്തിനുപോലും മതിലുപൊങ്ങി. ആ ഒരങ്കലാപ്പിൽ എനിക്കോർമ്മിക്കാൻ ഒരാളേയുള്ളു. നാട്ടുകാരനായ, കവിതയെന്ന നിത്യകന്യകയെ തേടിയ കുഞ്ഞിരാമൻ നായരെ. രാമാ,/പൂരം കഴിഞ്ഞ്/അമ്പലക്കുളത്തിൽ/ആരുമില്ലെന്നായി./പച്ചക്കല്ലിൽ/കാര്യമില്ല./ഊഞ്ചപ്പതയോ/താളിയോ/ഒന്നും കിട്ടിയില്ലല്ലോ?/ ഇനിയവൾ വരില്ല./ വാ, നമുക്ക് ഊര കഴുകാം (കുഞ്ഞിരാമന്/ഭാഷാപോഷിണി). ഈ വേവലാതി ഇന്ന് എന്റെ മാത്രം പ്രശ്നമല്ല, കേരളത്തിന്റേത് കൂടിയാണ്. സ്വാമി രാംദാസ് പോലും കാഞ്ഞങ്ങാട് മഞ്ഞംപൊതിക്കുന്നിന്റെ താഴെയാണ് ആനന്ദാശ്രമം പണിഞ്ഞത്. 'അഴിച്ചുകെട്ട്' എന്ന കവിതയെഴുതുന്നത് മഞ്ഞംപൊതിക്കുന്നിലിരുന്ന് കാണുന്ന കാഴ്ചയാണ്. പച്ചയിൽ വിരിഞ്ഞ ചെമ്മൺപാതയും കാറ്റിൽ പറക്കാൻ വിട്ട മേഘശീലകളും വൈദ്യുതി പോവുന്ന കോപ്പി വരകളും മഴുച്ചെത്തം വീഴാത്ത മരക്കൂറ്റുകളും കിളി വന്നിരിക്കുന്ന ഇളംവെയിലും ഓന്തുകൾ പായും വേലിപ്പടർപ്പുകളും അങ്ങേയറ്റത്തെ വീട്ടുചുമരുകളും എല്ലാം. വേണമെങ്കിൽ ഒരു ചിത്രം എന്നുപറയാം. മഞ്ഞംപൊതിക്കുന്നും ഒരു ഓർമ്മയാവുകയാണ് എന്നുപറയുമ്പോൾ ഉണ്ടാകുന്ന ശൂന്യത പറഞ്ഞറിയിക്കാവുന്നതല്ല. പണ്ടിരുന്ന ചെരിവുകൾ, അവിടിരിക്കും പാറകൾ, പരദൂഷണങ്ങൾ, ഒയൽച്ചകൾ-കാണാതാവുന്നവരുടെ പട്ടിക നീണ്ടുപോവുകയാണ്. ശ്രദ്ധ കൂടിയിട്ടും രക്ഷിക്കാൻ കഴിഞ്ഞില്ല. പക്ഷികളും പാറ്റകളും കൃമികീടങ്ങളും കരയുന്നത് വേരുകൾ കെട്ടിപ്പിടിക്കുന്നത് വെളിച്ചത്തിലൂടെ നടന്നുപോകുന്നത് ഏകാന്തത വരുന്നത് എല്ലാം കാണാം. കുന്ന് മാത്രം കാണാണ്ടായി.

*(ഹരിതം ബുക്സ് പ്രസിദ്ധീകരിച്ച അഴിച്ചുകെട്ട് എന്ന കവിതാ സമാഹാരത്തിൽ ചേർത്ത അഭിമുഖത്തിൽനിന്ന്..)*

## ഉരുണ്ടുകളി

**സുകേതു**

കാശ് കൊടുത്ത് കുപ്പിവെള്ളം വാങ്ങിക്കുന്നത് ഇന്ന് പലർക്കും ഒരു സ്റ്റൈലാണ്. അല്ലാതെ ദാഹം തീർക്കലൊന്നുമല്ല ഉദ്ദേശം. എതിരെ ഇരിക്കുന്നവനെ കാണിച്ചുകൊണ്ട്, അതിന്റെ സീല് പൊട്ടിച്ച്-സിപ്പ്....സിപ്പായി...... എന്നിട്ട് കാലിയാകും മുമ്പ് വലിച്ചൊരേറും! അപ്പോൾപ്പിന്നെ നീ അനുഭവിച്ചുതന്നെയാകണം. കുപ്പിവെള്ളത്തിന് വില ഇനീം കേറും. കേറണം. അല്ല ചങ്ങാതീ.... പുറപ്പെടുംമുമ്പ് അവനവന്റെ ബാഗിൽ ഒരു കുപ്പിവെള്ളമെടുത്തുവയ്ക്കാൻ എന്താണിത്ര മടി? അങ്ങനെ കരുതിയിരുന്നെങ്കിൽ ഇക്കണ്ട പ്ലാറ്റ്ഫോമിലും ട്രാക്കിലും റെയിൽപ്പാളത്തിലുടനീളവും ഇത്രയധികം പ്ലാസ്റ്റിക് ബോട്ടിലുകൾ തലങ്ങും വിലങ്ങും ഉരുണ്ടുകളിക്കുമോ? ചളുങ്ങിക്കിടക്കുമായിരുന്നോ? സകല വൃത്തികേടും നമുക്കിങ്ങനെ ചെയ്തുകൊണ്ടേയിരിക്കാം, എന്നിട്ട് കുറ്റം മുഴുവൻ സർക്കാറിന്റെ തലേലും!



*ശ്രീകുമാർ കരിയാടിന്റെ പുസ്തകം തത്തകളുടെ സ്കൂൾ.*

# തെറ്റി നടക്കും തത്തകൾ


**എം.പി. പ്രതീഷ്**

ആൾക്കൂട്ടത്തിലിരുന്ന് ഒരാൾ വേറൊരു ഭാഷ നിർമ്മിക്കുകയും ആ ഭാഷയിൽത്തന്നെ ആൾക്കൂട്ടത്തെപ്പറ്റി പറഞ്ഞു ചിരിക്കുകയും ചെയ്യുന്ന ഒരിടമാണ് തത്തകളുടെ സ്കൂൾ. എഴുത്തച്ഛൻ തൊട്ട് എ.സി. ശ്രീഹരി വരെയുള്ള മറുഭാഷക്കാരുടെ കൂടെ നടക്കുകയും വിട്ടു നടക്കുകയും ചെയ്യുന്ന കവിതയാവലുകളാണ് ശ്രീകുമാർ കരിയാടിന്റെ പുസ്തകം. ആദി മുതൽ 3 G വരെയുള്ള സകല വാക്കിനെയും വസ്തുവിനെയും കെട്ടഴിച്ച് മേയാൻ വിടുന്ന ഈ എഴുത്തിൽ പരിഹാസത്തിന്റെ, ചിരിയുടെ, മറുകാഴ്ചയുടെ ഒരു രസമുണ്ട്. അതിനാൽ തന്നെ ഇതിൽ വേറൊരു രുചിയോ വേറൊരു കേൾവിയോ കാണാം/മണക്കാം/തൊടാം. ഭാഷാ, ചരിത്രത്തെ പലപ്പോഴും വീണ്ടുനോക്കുന്നതിന്റെ വീണ്ടുവായിക്കുന്നതിന്റെ രേഖയാണത്. ഭാഷ തന്നെ ചരിത്രം. വർത്തമാനം. അത്തരത്തിൽ സംസ്കാരവിമർശം കൂടിയാണ് മിക്ക എഴുത്തുകളും. എങ്ങനെ വായിക്കും? എന്ന സംശയമുണ്ടാക്കുന്ന ഈ പുസ്തകം കവിതയിലെ ഒരു സാധ്യതയാണ്. കവിതയിൽ (മറ്റ് ആവിഷ്കാരങ്ങളിലും) ചിരിയുല്പാദിപ്പിക്കാനായി കാലഹരണപ്പെട്ട ഒരു ഭാഷയെ ചമയിച്ചു കൊണ്ടുവരുന്ന രചനാതന്ത്രം പുതുമയുള്ളതല്ല. കഴിഞ്ഞ ഒരു ദശാബ്ദത്തിനിടെ വായിച്ചു തുടങ്ങിയ, ഭാഷാചരിത്രമില്ലാത്ത തലമുറയോട് എങ്ങനെ ഇവ സംസാരിക്കും എന്നത് ശ്രദ്ധിക്കുക. ചുരുക്കത്തിൽ, കലഹിക്കുമ്പോഴും ഇണപ്പെടുന്ന, വേറിടുമ്പോഴും ഒട്ടി നിൽക്കുന്ന, പുതുകുമ്പോഴും പഴകുന്ന പൊതുകവിതയുടെ ചില പൊതു സ്വഭാവങ്ങൾ തത്തകളുടെ സ്കൂളിലും പഠിപ്പിക്കുന്നുണ്ട്.

---

*ധ്യാനകഥ*

# നല്ല നില




നഗരത്തിലെ അങ്ങേയറ്റം തിരക്കുപിടിച്ച ഒരു ഡോക്ടറായിരുന്നു അരവിന്ദൻ. ഒരിക്കൽ നഗരവിളുമ്പിലെ ഒരു ചെറിയ ചായക്കടയിൽ അയാൾ കയറാനിടയായി. പെട്ടെന്ന് പ്രഖ്യാപിച്ച ഹർത്താൽ ദിനമായതിനാൽ മറ്റു കടകളൊന്നും തുറക്കാതിരുന്നതിനാലാണ് നഗരത്തിന്റെ തിരക്കിൽ നിന്ന് മാറി ഹർത്താൽ അനുകൂലികൾ കാണാത്തിടത്ത് പ്രവർത്തിക്കുന്ന ചെറിയ ആ ചായക്കടയിൽ പ്രതാപിയായ ആ ഡോക്ടർ കയറുവാനിടയായത്. പെട്ടെന്നാണ് ഡോക്ടർ ചായക്കട നടത്തുന്നയാളെ തിരിച്ചറിഞ്ഞത്. മുമ്പ് സർക്കാർ പള്ളിക്കൂടത്തിൽ ഒന്നിച്ച് പഠിച്ചിരുന്ന രാമചന്ദ്രൻ! ഇരുവർക്കും സന്തോഷമായി. കുറേയധികം സംസാരിച്ചാണ് അവർ പിരിഞ്ഞത്. പിരിയാൻ നേരം ഡോക്ടർ അരവിന്ദൻ രാമചന്ദ്രന്റെ കൈകൾ പിടിച്ചു പറഞ്ഞു. "ഒന്നിച്ച് ഒരേ ബെഞ്ചിൽ ഇരുന്നു പഠിച്ചു. ചായക്കടേം, സ്വസ്ഥതയും സന്തോഷവുമൊക്കെയായി നീയിപ്പോ നല്ല നിലയിലായിപ്പോയല്ലേ. ഞാൻ വെറു ഡോക്ടർ- സൈ്വര്യവും സ്വസ്ഥതയും ഇല്ലാത്ത പരാക്രമ ജീവി!"

*കവിത*

# നടുക്ക്

**കലാചന്ദ്രൻ**

ഒരേ വഴക്കങ്ങളിലേക്ക് മാത്രം
തെറിച്ചു വീഴുന്നു.
കിണറ്റിൽ നിന്നൂർന്ന്
മൺചട്ടിയുടെ വക്കോളം.
ചത്തമീനിന്
കാവൽ നിർത്തി
ഒരു നിമിഷം എന്ന്
പിൻവാങ്ങും
അവൻ
അകം വെന്ത കടൽ
മീനുകൾക്ക്
ജീവൻ നൽകും,
അവൻ
തിരിച്ചുവരുമ്പൊഴേക്ക്.



T.RAHIN



ഫോട്ടോ-ഹസൻ മമ്പാട്

# കാക്കയെ കുറിച്ച് ചില കാര്യങ്ങൾ

ജയപ്രകാശ് നിലമ്പൂർ

കാലത്തെഴുന്നേറ്റ് പരിസര ശുചീകരണം ആരംഭിക്കുന്ന കാക്കകൾ എല്ലാതരത്തിലും നമുക്ക് ഏറെ അനുകരണീയരാണ്.കൂട്ടായ്മയുടെയും ചെറുത്തുനിൽപ്പിന്റെയും തന്ത്രത്തിന്റെയും കാര്യത്തിൽ മികച്ച മാതൃകകളായ കാക്കകൾ കൂട്ടമായി പ്രതിഷേധിക്കാറുണ്ട്. വൃത്തിയുടെ പ്രതീകമാവുന്ന കാക്കകൾ എല്ലായ്പ്പോഴും വൃത്തിയും വെടിപ്പും സൂക്ഷിക്കുന്നവരാണ്.

നമ്മുടെ നാട്ടിൽ പൊതുവെ രണ്ടുതരം കാക്കകളുണ്ട്. ബലികാക്കയും പേനകാക്കയും. വലുപ്പത്തിൽ ബലികാക്കകളാണ് മുന്നിൽ.കൂട്ടത്തോടെ ചേക്കേറി കോളനികളായി കഴിയാനിഷ്ടപ്പെടുന്ന കാക്കകൾ പൊതുസത്രുവിനെ (മൂങ്ങ, പരുന്ത്, പ്രാപ്പിടിയൻ) കൂട്ടത്തോടെ ആക്രമിക്കുക പതിവാണ്. അവരുടെ സംഘബോധം അവർക്ക് രക്ഷയും ശിക്ഷയുമാകാറുണ്ട്.പരസ്യമായി ഇണചേരാറില്ലാത്ത കാക്കകളെ മുട്ടവിരിയിക്കാൻ തന്ത്രപൂർവ്വം കുയിലുകൾ ആശ്രയിക്കാറുണ്ട്.

ഇന്ത്യൻ സംസ്ഥാനമായ നാഗാലാന്റിൽ പൊതുവെ കാക്കകളില്ല. മനുഷ്യൻ ഭക്ഷണമാക്കാൻ തുടങ്ങിയതോടെ കാക്കകൾ ഇവിടം വിട്ടതാണത്രേ. പക്ഷേ സ്വാഭാവികമായി കാക്കകളില്ലാത്ത ഒട്ടേറെ ദ്വീപുകളും പ്രദേശങ്ങളും ഭൂമുഖത്ത് പലയിടത്തായുണ്ട്. നമ്മുടെ നിത്യജീവിതവുമായി അഭേദ്യബന്ധമുള്ള കാക്കകൾ ഋഗ്വേദ കാലഘട്ടം മുതൽത്തന്നെ നമ്മുടെ ആചാര അനുഷ്ഠാനങ്ങളിൽ നിറഞ്ഞുനിൽക്കുന്നുണ്ട്. പുരാണ-ഇതിഹാസ കഥകളിലെല്ലാം കാക്ക മുഖ്യകഥാപാത്രമാകുന്ന നിരവധി കഥകളുണ്ട്.

മികച്ച കാഴ്ചശക്തിയുള്ള കാക്കകൾ ഓർമ്മശക്തിയുടെ കാര്യത്തിലും ഒട്ടും പിറകിലല്ല. വിത്തുവിതരണ കാര്യത്തിൽ മുൻപന്തിയിലാണ് കാക്കകൾ. കാക്കകളും ചെമ്പോത്തും കാഷ്ടിച്ച വിത്തുകളാണ് ചീരാപറങ്കി മുളകായി മുളച്ചുപൊന്തുന്നത്.ഭക്ഷണം സൂക്ഷിച്ചുവെയ്ക്കുന്ന പതിവില്ലെങ്കിലും പട്ടിണിനാളുകൾക്കായി ഭക്ഷണലഭ്യത മുൻകൂർ കണ്ടുവെയ്ക്കുന്ന പതിവ് കാക്കകൾക്കുണ്ട്.

ദേശാന്തരഗമനത്തിൽ താല്പര്യമില്ലെങ്കിലും വളരെ വിസ്തൃതമായ പ്രദേശത്താണ് (30-40 $Km^2$) കാക്കകൾ പറന്നെത്തുന്നത്. എന്നാൽ ആവാസവ്യവസ്ഥകളുടെ നാശവും രാസവസ്തുക്കളുടെ വ്യാപനവും കാക്കയ്ക്കും വലിയ ഭീഷണിയായിട്ടുണ്ട്.

---

കഥാധ്യാനം

# വരം



ഏകനായി, മൗനത്തിൽ ജീവിച്ചുകൊണ്ടിരുന്ന ഒരു സന്യാസിയുടെ അടുക്കൽ പെട്ടെന്നൊരു ദിവസം ദൈവദൂതൻ പ്രത്യക്ഷപ്പെട്ടിട്ടു പറഞ്ഞു. "നിങ്ങളുടെ പ്രാർത്ഥനകൾ സ്വീകരിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾക്ക് എന്ത് വേണമെങ്കിലും ചോദിക്കാം. അത് നിങ്ങൾക്ക് കിട്ടും."

സന്യാസി ഒരല്പം അമ്പരന്നു. പിന്നെ അദ്ദേഹം പറഞ്ഞു. "നിങ്ങൾ വരുവാൻ അല്പം വൈകിപ്പോയി. എനിക്ക് വസ്തുക്കൾ ആവശ്യമായിരുന്നപ്പോൾ നിങ്ങൾ വന്നില്ല. ഇപ്പോഴെനിക്ക് ആഗ്രഹങ്ങളൊന്നുമില്ല. ഞാൻ എന്നെത്തന്നെ സ്വീകരിച്ചുകഴിഞ്ഞു. ഞാൻ പൂർണ്ണതൃപ്തനാണ്."

എന്നാൽ ദൈവദൂതൻ പറഞ്ഞു. "ദൈവം നിങ്ങളെ അനുഗ്രഹിക്കാൻ താല്പര്യപ്പെട്ടിരിക്കുമ്പോൾ എന്തെങ്കിലും ചോദിക്കാതിരിക്കുന്നത് മര്യാദയല്ല. അതിനാൽ ദയവായി എന്തെങ്കിലും ചോദിക്കൂ..."

സന്യാസി വീണ്ടും അമ്പരന്നു. അദ്ദേഹം പറഞ്ഞു. "നോക്കൂ ഞാൻ പരമമായ ആനന്ദത്തിലാണ്. ഞാൻ ഈ നിമിഷത്തിൽ സന്തോഷവാനാണ്. നാളെയെക്കുറിച്ച് ഞാൻ ചിന്തിക്കുന്നില്ല. അതിനാൽ എനിക്ക് യാതൊന്നും വേണ്ട."

ദൂതൻ ശാഠ്യം പിടിച്ചു. "പറ്റില്ല എന്തെങ്കിലും നിങ്ങൾ ചോദിച്ചേ മതിയാവൂ."

അപ്പോൾ സന്യാസി പറഞ്ഞു. "എങ്കിൽ ഒരേയൊരു കാര്യം മാത്രം എനിക്കു തരിക- ആഗ്രഹമില്ലായ്മയെ!"

---

എഡിറ്റോറിയൽ പോളിസി

# പകർപ്പവകാശം: ചില നിലപാടുകൾ

ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന പല രചനകളും പല പത്രമാധ്യമങ്ങളിൽ നിന്നും അതേപടി പുനഃപ്രസിദ്ധീകരിക്കുന്നതിന്റെ യുക്തിയും സാംഗത്യവും എന്താണെന്ന് പലരും ചോദിക്കുന്നുണ്ട്. പ്രകാശിക്കപ്പെട്ട/പ്രസിദ്ധീകരിക്കപ്പെട്ട ഒരു സാഹിത്യ/കലാസൃഷ്ടിയുടെ മേൽ രചയിതാവിന് ഉള്ള അവകാശമാണ്. കോപ്പിറൈറ്റ് അവകാശം. അത് വീണ്ടും പുനഃപ്രസിദ്ധീകരിക്കുകയോ പകർപ്പുകളെടുക്കുകയോ ചെയ്യുമ്പോൾ അനുമതി വാങ്ങി വേണം ചെയ്യാൻ എന്ന് നിയമം പറയുന്നു. എന്നാൽ സദുദ്ദേശത്തോടെ ലാഭചിന്തയില്ലാതെ പൊതുനന്മയ്ക്കായി ചെയ്യുന്ന ചില പുന:പ്രസിദ്ധീകരണങ്ങൾ അനുവദനീയമാണ്. ലിറ്റിൽ മാസികയുടെ എഡിറ്റോറിയൽ നിലപാടുകളോട് ചേർന്ന് നിൽക്കുന്ന രചനകൾ അപ്രകാരം സദുദ്ദേശത്തോടെ എടുത്തുപയോഗിക്കുന്നു എന്ന് മാത്രം. വലിയ പത്രമാധ്യമങ്ങളിൽ വരുന്ന ലേഖനഭാഗങ്ങൾ വീണ്ടും എടുത്ത് കൊടുക്കേണ്ടതുണ്ടോ എന്ന് പലരും ചോദിക്കാറുണ്ട്. ലക്ഷക്കണക്കിന് പ്രചാരമുള്ള പ്രസിദ്ധീകരണങ്ങളിൽ ഒരുപാടു വാർത്താ/ലേഖന വിഭവങ്ങൾക്കിടയിൽ അക്ഷരത്തിരക്കിൽ ശ്രദ്ധിക്കേണ്ട പലതും ശ്രദ്ധിക്കപ്പെടാതെ പോവാറുണ്ട്. എന്നാൽ അത് ഒരു ചെറു പ്രസിദ്ധീകരണത്തിൽ പ്രാധാന്യത്തോടെ പുനരവതരിപ്പിച്ചാൽ പുതിയ ചിലരിലേക്ക് അവ എത്തും. വായിച്ചവർക്ക് ഒന്നുകൂടി മനസ്സിരുത്താം. കണ്ട ഒരു നല്ല കാഴ്ച ഏറ്റവും പ്രിയപ്പെട്ടവരെക്കൂടി വിളിച്ച് കാണിക്കുന്ന സഹജമായ കൗതുകം എന്നും പറയാം ഈ എടുത്തുകൊടുക്കലുകളെ.

*ജീവിതത്തിന്റെ*



*ലളിതപാഠങ്ങൾ*

*അക്കു*

# തിരുനാവായയിലെ താമരപ്പാടങ്ങൾ

തിരുനാവായ എന്നാൽ മാമാങ്കത്തിന്റെ ദേശം. എന്നാൽ എനിക്കത് സ്നേഹവും ആർദ്രതയും പകർന്നു തന്ന, ഹരിതശോഭയോടെ പരന്നുകിടക്കുന്ന താമരപ്പാടമാണ്. താമരപ്പൂക്കളുടെ അരുണിമയല്ല പച്ചനിറമാർന്ന ഇലകളുടെ രൂപത്തിലാണ് എന്നെ ആ താമരപ്പാടങ്ങൾ വശീകരിച്ചത്.

അന്നുവരെ കാണാത്ത ആ ദേശം തേടി ഞാൻ ചെന്നത് താമരയിലകൾക്കുവേണ്ടിയായിരുന്നല്ലോ. എനിക്ക് വേണ്ടത്ര താമര ഇലകൾ പറിച്ചു തന്ന തിരുനാവായയിലെ മുസ്ലിം കാരണവരുടെ പേരിന് പകരം ഞാൻ താമര എന്നാണ് ഫോൺ നമ്പറിനു നേരെ ചേർത്തത്. ഇന്നും എന്റെ ഓർമ്മകളിൽ പച്ചയായി വിടരുന്ന ഒരു താമരയാകുന്നു ആ വൃദ്ധൻ. ആയാളെനിക്ക് താമരയിലകളോടൊപ്പം സ്നേഹാനുകമ്പകൾ നിറഞ്ഞ പ്രാർത്ഥനാ മന്ത്രങ്ങളും പകർന്നുതന്നു.

മരിച്ചുപോയ എന്റെ കുഞ്ഞുമായി ബന്ധപ്പെട്ട് ഞാൻ മുമ്പും എഴുതിയിട്ടുണ്ട്. ഇതൊരു തീരാത്ത വിഷയമോ എന്ന് വായിക്കുന്നവർക്കാർക്കെങ്കിലും തോന്നിയേക്കാം. പക്ഷേ ഒരു ബൃഹത്തായ നോവൽ പോലെ ആ 'കുഞ്ഞുകാലം' എന്റെ മനസ്സിലങ്ങനെ ഒരു നോവായി പരന്നുകിടക്കുകയാണ്. എനിക്കിനിയും അതെഴുതേണ്ടിവരും.

താമരയില കാണുമ്പോൾ ഞാനാ കുഞ്ഞിനെ ഓർക്കും. നൊമ്പരമായല്ല. വീട്ടിയാൽ തീരാത്ത വലിയൊരു കടം പോലെ..

ചികിത്സാവിധികൾ പലതും മാറിമാറി വരുമ്പോഴാണ് ആയുർവേദ ചികിത്സയിൽ, താമരയില തലയിൽ പൊതിഞ്ഞുകൊണ്ടുള്ള ഒരു ഔഷധ പ്രയോഗം കുഞ്ഞിന് ചികിത്സകൻ നിർദേശിച്ചത്. നിത്യവും ഓരോ താമരയില വേണം. ചികിത്സ കുറച്ചുനാൾ ആശുപത്രിയിൽ നിന്ന്. പിന്നീട് വീട്ടിൽ നിന്നും തുടരണം.

തിരുവനന്തപുരം പൂജപ്പുരയിലെ തെരുവിലെ താമരപ്പൂക്കച്ചവടക്കാരനോട് പൂവേണ്ട, ഇല തരുമോ എന്ന് കാര്യങ്ങൾ ബോധ്യപ്പെടുത്തി ചോദിച്ചപ്പോൾ അയാൾ പതിവായി ഇലകൾ സംഘടിപ്പിച്ചുതന്നു. കാശ് കൊടുക്കാൻ ശ്രമിച്ചപ്പോൾ അയാൾ പറഞ്ഞത് ഞാനൊരു പൂക്കച്ചവടക്കാരനാണ് ഇല വിൽക്കാറില്ലായെന്നും, ഇത് സാറിന്റെ കുഞ്ഞിന്റെ രോഗം മാറാനല്ലേ, അതു മാറട്ടെ എന്നുമാണ്. മലബാറുകാർക്ക് അയവും മയവും തോന്നാത്ത തിരുവിതാംകൂർ ഭാഷയുടെ ചുവയിൽ അയാൾ സ്നേഹവചസ്സുകൾ ഉരുവിട്ടത് എന്റെ വീട്ടാകടങ്ങളായി.

പിന്നീട് വീട്ടിലെത്തി. ചികിത്സ തുടരാൻ താമരയേ കാണാത്ത ഒരു നാട്ടിൽ നിന്ന് ഇല എങ്ങനെ സംഘടിപ്പിക്കുമെന്ന ചിന്തയായി. തൽക്കാലം കുറച്ചുദിവസത്തേക്ക് താമരയിലകൾ കിട്ടി. എന്റെ സഹോദരിയുടെ സഹപ്രവർത്തകനായ കൃഷ്ണകുമാർ എന്ന അധ്യാപകൻ തന്റെ ബൈക്കിൽ ഏതൊക്കെയോ ഉൾനാടുകളിലെ അമ്പലക്കുളങ്ങളിൽ കറങ്ങിനടന്ന് ഇലകൾ ശേഖരിച്ചെത്തിക്കുകയായിരുന്നു.


പിന്നെയാണ് തിരുനാവായയിൽ എത്തുന്നത്. വഴി ചോദിച്ചറിഞ്ഞ് താമരകൃഷി ചെയ്യുന്ന മുസ്ലിം കാരണവരുടെ വീട്ടിലെത്തി. എന്റെ ആവശ്യമറിഞ്ഞ് കൊതുമ്പുവള്ളമെടുത്ത് അകലേക്ക് തുഴഞ്ഞുപോയി വേണ്ടത്ര ഇലകൾ പറിച്ചുകൊണ്ടുവന്നു. അയാളത് എന്നെ ഏല്പിച്ചത് പ്രാർത്ഥനാ മന്ത്രണങ്ങളോടെയായിരുന്നു. എന്റെ കുഞ്ഞിന് സൗഖ്യമുണ്ടാക്കാനുള്ള പ്രാർത്ഥന. എന്റെ ചെറിയ മനസ്സ് ആ സ്നേഹത്തിന് വിലയായി കാശെടുത്ത് നീട്ടി. അയാളത് തിരസ്കരിക്കുകയും ഇനിയും വേണമെങ്കിൽ ഫോൺ ചെയ്തുപറഞ്ഞാൽ ബസ്സിൽ കൊടുത്തയക്കാമെന്നും കുഞ്ഞു രക്ഷപ്പെടുമെന്നും സമാധാനത്തോടെ പോകണമെന്നും പറഞ്ഞു.

പിന്നീട് ഒരു പ്രാവശ്യം എന്റെ ഫോൺ സന്ദേശമനുസരിച്ച് മഞ്ചേരിയിലേക്ക് ഒരു കെട്ട് താമരയിലകൾ അയാൾ അയച്ചുതന്നു. അത്രയും ഇലകൾ വാടാതെ സൂക്ഷിക്കുന്നതിന് കയറിൽ കെട്ടി കിണറ്റിലേക്കിറക്കി വെള്ളത്തിന്റെ തൊട്ടുമുകളിലായി തൂക്കിയിട്ടാൽ മതിയെന്നും അയാൾ പറഞ്ഞുതന്നിരുന്നു. അല്ലെങ്കിൽ ഫ്രിഡ്ജിൽ സൂക്ഷിക്കണം. ഇലക്കെട്ടുമായി ബസ് സ്റ്റാന്റിൽ നിൽക്കുമ്പോൾ മഞ്ചേരിയിലെ ടി.പി. രാമചന്ദ്രൻ വക്കീലിനെ കണ്ടു. കാര്യമറിഞ്ഞ് അദ്ദേഹം ഇലകൾ തന്റെ വീട്ടിലെ ഫ്രിഡ്ജിൽ സൂക്ഷിക്കാമെന്നും ആവശ്യം വരുമ്പോൾ എടുക്കാം എന്നും പറഞ്ഞ് സ്നേഹപൂർവ്വം അവ വാങ്ങിക്കൊണ്ടുപോയി.

കുഞ്ഞിന്റെ ആയുസ്സ് അധികനാൾ നീണ്ട് നിന്നില്ല. ആ ഹ്രസ്സായുസ്സ് ഒരുപാട് പാഠങ്ങൾ നൽകിയാണ് കടന്നുപോയത്. സാമ്പത്തികമായി കുറച്ച് ബാധ്യതകളുണ്ടായി. കൊടുത്തു തീർക്കാവുന്നത്ര മാത്രം. എന്നാൽ നന്മ നിറഞ്ഞ സാന്നിധ്യമായും സാന്ത്വന വാക്കുകളായും സ്നേഹമായും ആ കാലം എന്നെ ഒത്തിരിയാളുകളോട് വലിയ കടക്കാരനാക്കി. വീട്ടിയാൽ തീരാത്ത കടപ്പാടുകൾ! തിരുനാവായയിലെ വിശാലമായ താമരപ്പാടം പോലെ അതു നീണ്ടു കിടക്കുന്നു.


---


## ലിറ്റിൽ മാസികയുടെ നിലനിൽപ്പ്



*പരസ്യമില്ലാതെ, ചില്ലറ വിൽപ്പനയില്ലാതെ ലിറ്റിൽ മാസിക മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നത് കുറച്ചുപേരുടെ വരിസംഖ്യ ഒന്നിച്ചുകിട്ടുന്നതുകൊണ്ടാണ്. ഓരോ മാസവും കുറച്ചു പഴയ വരിക്കാർ വരിസംഖ്യ പുതുക്കിയും പുതിയ വരിക്കാരെ കണ്ടെത്തി തന്നും സഹായിച്ചാൽ മാസിക കൃത്യമായി പുറത്തിറങ്ങും. 100 രൂപ അയച്ചുതന്ന് വരിസംഖ്യ പുതുക്കിയും വരിചേരാൻ തയ്യാറുള്ള രണ്ടുപേരുടെയെങ്കിലും വിലാസങ്ങൾ അയച്ചുതന്നും ദയവായി സഹായിക്കു ഇന്നുതന്നെ പോസ്റ്റോഫീസ് സന്ദർശിക്കുക!*

-ലിറ്റിൽ മാസിക,ചുങ്കത്തറ,മലപ്പുറം-679334



# പശു ഓർമ്മ

## ശശിധരൻ കുണ്ടറ

'കാണാത്ത സിനിമയിലെ പശുവും കർഷകനും' വായിച്ചപ്പോൾ മറ്റൊരു സിനിമയുടെ പിന്നിലെ പശുക്കഥ ഓർമ്മ വന്നു. കാണാത്ത പശുവിന്റെ കഥ. അടൂർ ഗോപാലകൃഷ്ണൻ എഴുതിയ എന്റെ സിനിമയിലെ മിണ്ടാപ്രാണികൾ എന്ന ലേഖനം ശ്രീ. എം.എഫ്. തോമസ് എഴുതിയ അടൂരിന്റെ ചലച്ചിത്രയാത്രകൾ എന്ന കൃതിയിലുണ്ട്.

കഥാപുരുഷന്റെ ചിത്രീകരണം. കഥാപുരുഷനായ കുഞ്ഞുണ്ണിയുടെ അമ്മ മരിച്ചു. പിണങ്ങിക്കഴിയുന്ന അച്ഛനെ എല്ലാവരും പ്രതീക്ഷിക്കുന്നു. കയർ പൊട്ടിച്ച് വിരണ്ട് മുക്രയിട്ട് ഓടിവരുന്ന പശുവും പിന്നാലെ മുറ്റത്തു വന്നുനിൽക്കുന്ന കാറുമാണ് അടൂർ വിഭാവന ചെയ്തത്. ചലച്ചിത്രത്തിലെ കാലം അറുപതുകളാണ്. ഗ്രാമത്തിലെ നാടൻ പശുവാണ് സ്വാഭാവികമായി രംഗത്തിനിണങ്ങുന്ന അഭിനേതാവ്. പക്ഷേ കിട്ടാൻ നാടൻ പശുവില്ല. പലവഴി ആളന്വേഷിച്ചുപോയി. "കിം ഫലം? നാടൻ ഇനങ്ങൾ നേരെപോയി കുലമറ്റത് അറവുശാലകളിലായിരുന്നുവെന്നത് എന്നെ വേദനിപ്പിക്കുന്ന ഒരറിവായിരുന്നു. ലിറ്റർ കണക്കിനു പാൽ ചുരത്താത്ത അപരാധത്തിന് ഉള്ളതു തിന്നും കൊടുക്കുന്നത് കുടിച്ചും കൂടെക്കഴിഞ്ഞ പാവം നാടന് കൊടുക്കേണ്ടി വന്ന വില എത്ര കടുപ്പമായിപ്പോയി." ഒടുവിൽ കാഴ്ചയ്ക്ക് നാടനെന്നു തോന്നുന്ന ഒരു സ്വിസ് ബ്രൗണിനെ ആരോ എത്തിച്ചു. കൊള്ളാം. ക്യാമറ റെഡി. കാറിരമ്പി. രക്ഷയില്ല. "ഉന്നതകുല ജാതയും യൂറോപ്പിന്റെ ആധുനിക സംസ്കൃതികളുടെ ബീജാവകാശിയുമായ സ്വിസ് ബ്രൗൺ സുന്ദരി പിന്നിലേക്കൊന്നലസമായി കണ്ണോടിച്ച് ഗമ വിടാതെ വെറുതെ നിൽക്കുന്നു. അതു വിരളുന്നില്ല, ഓടുന്നില്ല. ഒന്നും സംഭവിക്കുന്നില്ല. കാറോ, അത് അതിന്റെ വഴിക്കു പോട്ടെ. എന്തിനീ ബഹളമൊക്കെ? എന്ന മട്ടിൽ." പശുവിന്റെ നിസ്സഹകരണത്താൽ രംഗം മാറ്റിയെഴുതി അദ്ദേഹം.

കൊറിയക്കാരനായ ലീ ചുങ് റിയൂൾ സംവിധാനം ചെയ്ത ഓൾഡ് പാർട്ട്നർ വി.കെ. ജോസഫ് പരിചയപ്പെടുത്തിയത് ബിജു ജോൺ ലിറ്റിൽ മാസിക വായനക്കാർക്കായി പകർന്നു. അടുത്തിടെ ഒരു നാടൻ പശുവിനെ യാത്രയ്ക്കിടെ കണ്ടുമുട്ടി ഏറെ നോക്കിനിന്ന ഓർമ്മയും വീണ്ടെടുത്തു. നന്ദി.

---

# പ്രതികരണം



*എസ്.എം എസ്. ആയോ കത്തുകൾ*
*ആയോ പ്രതികരണം അയക്കമല്ലോ.*

പല പ്രസിദ്ധീകരണങ്ങളിലും "വായനക്കാർ എഴുതുന്നു" എന്ന പംക്തിക്കു നീളം കൂടുന്നുണ്ട്. അതിലൊരു ബിസിനസ്സുണ്ട്. എന്നാൽ ലിറ്റിൽ മാഗസിനിലെ സാധാരണക്കാരന്റെ ശബ്ദത്തിന് നിക്ഷിപ്ത താൽപര്യമില്ല. ഇങ്ങനെ ചിന്തിക്കുന്ന സാധാരണക്കാർ ഇവിടെയുണ്ടെന്ന് അറിയിക്കുക മാത്രം അതു ചെയ്യുന്നു. അബ്ദുൽ മജീദിന്റെയും ഗോപാലകൃഷ്ണന്റെയുമെല്ലാം ചിന്തകൾക്ക് നല്ല വെളിച്ചം.

ഗ്ലൈസോഫേറ്റിനെക്കുറിച്ചെഴുതിയത് അറിവു പകരുന്നതായി. നിരോധിച്ച വിഷമരുന്നുകൾ പേരുമാറി വരുന്നതും ജനങ്ങളെ അറിയിക്കണം. രാജസ്ഥാൻ ഗ്രാമങ്ങളിലെ അനുഭവങ്ങൾ ചിന്തിക്കാൻ പ്രേരണ നൽകുന്നു. ജീവിതം ഓരോരുത്തർക്കും എത്രമാത്രം വ്യത്യസ്തമാണെന്ന് സൈക്കിൾ യാത്രികരായ കനേഡിയൻ യുവതികൾ പഠിപ്പിക്കുന്നു. കാണാത്ത സിനിമ, 'കന്നിയുടെ മക്കൾ' നിരൂപണം, 'മോർഗന്റെ വയൽ' എന്നിവയ്ക്ക് ദൈർഘ്യം കൂടിപ്പോയി എന്നു പറയാതെ വയ്യ. 'ചെറുതാണ് സുന്ദരം' എന്നല്ലേ ചൊല്ലും അനുഭവവും.

'സ്ലോലൈഫ്' ആണ് ഈ ലക്കത്തിലെ താരം എന്നു പറയാം. സുകേതുവിന്റെ 'നിലവിളി'യിൽ നാട്യം കൂടിയെന്നു പറയാതെ വയ്യ. 'നാലുവരിപ്പാത' സാധാരണം. പത്മകുമാർ ഡൊമിനിക്കിനെ പരിചയപ്പെടുത്തിയത് നന്നായി. അക്കുവിന്റെ ലളിതപാഠം പറയുന്നത് 'വിതച്ചത് കൊയ്യു'മെന്ന വലിയ സത്യം തന്നെ. ശരീരത്തിന് വൈകല്യമുള്ള നൗഷാദ് ചാത്തല്ലൂർ വേഗത്തിലോടിവന്ന് ആരും പറയാത്ത ഒരു കാര്യം പറഞ്ഞുതരുന്നു. എന്തൊരു ടൈമിംഗ്! തുളസി സച്ചിൻ ടെൻഡുൽക്കറെ പോലെയാണ്. സൗമ്യം, പക്ഷെ അതിനുമാത്രം ചെയ്യാൻ കഴിയുന്ന ചിലതുണ്ട്. അഡ്വ: പൗരന്റെ ലേഖനം അറിവു പകരുന്നതായി. കൽപ്പറ്റ നാരായണന്റെ നിരീക്ഷണം കൗതുകകരമായി. ബൊളീവിയൻ സംസ്കാരത്തിൽ ഭാരതീയ ചിന്തയുടെ തുടിപ്പുണ്ട്. പക്ഷെ നാം ചെയ്യാത്തത് അവർ ചെയ്യുന്നു. വേണുഗോപാലന് നന്ദി. സ്റ്റീവ് ജോബ്സിന്റെ വാക്കുകൾ ലക്ഷ്യബോധമുള്ള ആർക്കും എന്നുമോർമിക്കാവുന്നതു തന്നെ.

അരമണിക്കൂർ കൊണ്ട് മാസിക വായിച്ച് കത്തെഴുതാമെന്നു കരുതിയതാണ്. പരാജയപ്പെട്ടുപോയി. കാരണം ഇത് പേരിൽ മാത്രമാണ് ലിറ്റിൽ മാഗസിൻ. തഴച്ചുവളർന്ന് വർണ്ണപുഷ്പങ്ങൾ വിരിയിച്ചു നിൽക്കുന്നില്ല ഇത്. എന്നാൽ വേരുകൾ ഉറച്ച, കിട്ടുന്ന ഊർജ്ജം പൂർണ്ണമായി ഉപയോഗിക്കുന്ന ഔഷധച്ചെടിയാണിത്. കാഴ്ചക്കിതു ചെറുതാണ്, എന്നാലിതു ചെറുതല്ല, ഇതിനെ ചെറുതായി കാണരുത്.

**പി.പി. സുരേഷ് കുമാർ,കാരക്കുന്ന്**

## പ്രതിബദ്ധതയോടുകൂടിയ പ്രവർത്തനം

ജനയുഗം ദിനപ്പത്രത്തിൽ ലിറ്റിൽ മാസികയെ കുറിച്ച് കവി കുരീപ്പുഴ ശ്രീകുമാർ മുമ്പ് എഴുതിയ ലേഖനം വായിച്ചിരുന്നു. ഇപ്പോഴിതാ ഭാഷാപോഷിണിയിൽ സ്നേഹപൂർവ്വം എന്ന തന്റെ പംക്തിയിൽ പനച്ചി ലിറ്റിൽ മാസികയെക്കുറിച്ച് എഴുതിയിരിക്കുന്നു. ഏതായാലും സാംസ്കാരിക കേരളം ഈ മാസികയെ ശ്രദ്ധിക്കുവാൻ തുടങ്ങിയിരിക്കുന്നുവെന്നുള്ളത് നല്ല കാര്യമാണ്.

പത്തൊൻപത് വർഷമായി ഇങ്ങനെ ഒരു ചെറു മാസിക പ്രസിദ്ധീകരിച്ചുവരുന്നു എന്നത് ഒരു വലിയ സാംസ്കാരിക പ്രവർത്തനമാണ്. പാരിസ്ഥിതിക പ്രശ്നങ്ങൾ മുതൽ നമുക്കു ചുറ്റുമുള്ള ചെറിയതെന്ന് പലരും കരുതുന്ന കാര്യങ്ങളെ പോലും ഈ മാസിക ശ്രദ്ധിക്കുന്നു. ബഹുസ്വരങ്ങളായ പ്രശ്നങ്ങളോടും വെല്ലുവിളികളോടും ഈ മാസിക പ്രതികരിക്കുന്നു. ഇതൊരു രാഷ്ട്രീയ പ്രവർത്തനം കൂടിയാണ്. പ്രതിബദ്ധതയോടുകൂടിയ ഇത്തരം പ്രവർത്തനങ്ങൾ ശ്രദ്ധിക്കപ്പെടും. സമൂഹത്തിൽ അത് ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കുകയും ചെയ്യും. തീർച്ച.

**ടി.എം. ഗോപാലകൃഷ്ണൻ, നളന്ദ, മഞ്ചേരി.**

*നിയമം*

# പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ ഹൈക്കോടതി




പ്ലാസ്റ്റിക് ബാഗുകളിലും മറ്റ് മണ്ണിൽ ദ്രവിച്ച് ചേരാത്ത ബാഗുകളിലും കവറുകളിലും മാലിന്യം ഇട്ട് പൊതുസ്ഥലത്ത് നിക്ഷേപിക്കുന്നത് ഇക്കഴിഞ്ഞ നവംബർ 21-ാം തിയ്യതിയിലെ നിർണ്ണായകമായ വിധിയിലൂടെ നിരോധിച്ചിരിക്കുന്നു. ഉത്തരവ് ലംഘിക്കുന്നവർക്കെതിരെ നടപടിയെടുക്കാൻ പോലീസിന് നിർദേശം നൽകിയിട്ടുമുണ്ട്. കേരള ഫെഡറേഷൻ ഓഫ് വുമൺ ലോയേഴ്സ് എന്ന വനിതാ അഭിഭാഷകരുടെ സംഘടന നൽകിയ പൊതുതാൽപര്യ ഹരജിയിലാണ് ജസ്റ്റിസുമാരായ സി.എൻ. രാമചന്ദ്രൻ നായർ, പി.എസ്. ഗോപിനാഥൻ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചിന്റെ വിധി. ഉത്തരവിൽ നിർദേശിച്ചിരിക്കുന്ന പ്രായോഗിക നടപടികൾ ഇവയാണ്;

1) കുറ്റക്കാർക്കെതിരെ പൊതുശല്യത്തിന് ഐ.പി.സി. 268 പ്രകാരവും മനുഷ്യജീവന് അപകടകരമായ രോഗം പരത്തുന്ന നടപടിക്ക് ഐ.പി.സി. 268 പ്രകാരവും, അന്തരീക്ഷ മലിനീകരണത്തിന് 279-ാം വകുപ്പ് പ്രകാരവും പോലീസ് കേസെടുക്കണം.

2) സർക്കാർ ഡി.ജി.പി. മുഖേന എല്ലാ പോലീസ് സ്റ്റേഷനിലും അറിയിപ്പ് കൊടുത്ത് കുറ്റകൃത്യം തടയാനും കണ്ടുപിടിക്കാനും നിരന്തരം പെട്രോളിംഗിന് പോലീസുകാരെ നിയോഗിക്കണം.

3) പ്ലാസ്റ്റിക് ബാഗുകളിൽ മാലിന്യമിട്ട് നിക്ഷേപിക്കുന്നത് ശേഖരിക്കാൻ പ്രത്യേക സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തണം.

4) പൊതുസ്ഥലത്ത് ഇപ്രകാരം മാലിന്യം നിക്ഷേപിക്കുന്നവരിൽ നിന്ന് പിഴ ഈടാക്കുവാൻ നിയമം സർക്കാർ കൊണ്ടുവരണം.

5) ഇപ്രകാരം ഈടാക്കുന്ന പിഴ മാലിന്യ സംസ്കരണ പ്രവർത്തനത്തിന് വിനിയോഗിക്കണം.

6) രണ്ടാഴ്ചക്കകം നടപടികൾ കൈക്കൊണ്ട് സർക്കാർ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കണം.

നിലവാരം കുറഞ്ഞ പ്ലാസ്റ്റിക് ബാഗുകൾ ഭക്ഷണസാധനങ്ങൾ പൊതിയാനും വ്യാപകമായി ഉപയോഗിക്കുന്നുണ്ടെന്നും പ്ലാസ്റ്റിക് പൊതിയാതെ ജൈവമാലിന്യങ്ങൾ നിക്ഷേപിക്കുന്ന പക്ഷം അത് മണ്ണിൽ ലയിച്ചു ചേരുമെന്നും കോടതി നിരീക്ഷിച്ചു.

*പ്ലാസ്റ്റിക് ബാഗുകളിൽ മാലിന്യമിട്ട് നിക്ഷേപിക്കുന്നത് ശേഖരിക്കാൻ പ്രത്യേക സംവിധാനം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഏർപ്പെടുത്തണം.*

---

# ആഢംബരയാത്ര സബ്സിഡി നിരക്കിൽ

*ലിമാ ന്യൂസ്*

പെട്രോൾ വില വർദ്ധന കൂടുതൽ പേരെ ഡീസൽ വാഹനങ്ങളിലേക്ക് ആകർഷിക്കുകയാണ്. ഡീസൽ ഉപഭോഗം കൂടുന്നതിനനുസരിച്ച് സർക്കാരിന് നഷ്ടം സബ്സീഡി ഇനത്തിൽ കുടുന്നു. പെട്രോളിനെ അപേക്ഷിച്ച് അന്തരീക്ഷ മലിനീകരണം കൂടുന്നതിനും കാരണമാകുന്നു. ഒരാൾ മെഴ്സിഡസ് കാറുപോലൊരു കാർ വാങ്ങുമ്പോൾ സർക്കാർ വൻ തോതിൽ സബ്സീഡി നൽകി വില കുറച്ചു നിർത്തിയിരിക്കുന്ന ഡീസലാണതിൽ ഉപയോഗിക്കുന്നത്. കൂടുതൽ മലിനീകരണവും ഉണ്ടാക്കുന്നു.

കണക്കുകൾ പ്രകാരം ഡീസൽ വാഹനങ്ങൾ പെരുകുകയാണ്. ആകെ ഡീസൽ ഉപയോഗത്തിന്റെ 15 ശതമാനവും ഉപയോഗിക്കുന്നത് ഡീസൽ ഉപയോഗിക്കുന്ന സ്വകാര്യ യാത്രാ വാഹനങ്ങളാണ്. കാർഷികാവശ്യങ്ങൾക്കാവട്ടെ ആകെ ഡീസൽ ഉപയോഗത്തിന്റെ 12 ശതമാനം മാത്രമാണ് വിനിയോഗിക്കപ്പെടുന്നത്.പൊതുയാത്രാ വാഹനങ്ങളിലും ചരക്കു വാഹനങ്ങളിലും ഉപയോഗിക്കുന്നതിന്റെ പേരിൽ വൻ തോതിൽ സബ്സീഡി നൽകി ഡീസലിന്റ വില താഴ്ത്തി നിർത്താൻ സർക്കാർ നിർബന്ധിക്കപ്പെടുമ്പോൾ നേട്ടം കൊയ്യുന്നത് കാർ നിർമ്മാതാക്കളാണ്. 15 ശതമാനം വരുന്ന സ്വകാര്യ വാഹനങ്ങൾക്ക് നൽകുന്ന ഡീസൽ സബ്സീഡിക്ക് പ്രതിവർഷം 10,000 കോടി രൂപയാണ് ചിലവിടുന്നത്.

ആധുനിക ഡീസൽ വാഹനങ്ങൾക്ക് മലിനീകരണം വളരെ കുറവാണന്ന വാദം പൊള്ളയാണ്. പെട്രോൾ വാഹനങ്ങളെക്കാൾ മൂന്ന് മുതൽ അഞ്ചു വരെ ഇരട്ടി നൈട്രജൻ ഓക്സൈഡ് എന്ന വിഷം പുറത്തുവിടുന്നുണ്ട്. ആസ്മ, ബ്രോങ്കൈറ്റിസ്,ശ്വാസകോശ അർബുദം,.. തുടങ്ങിയ രോഗങ്ങൾക്ക് ഡീസൽ വാഹനങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ കാരണമാവുന്നുണ്ടന്നാണ് പഠനങ്ങൾ. കാലാവസ്ഥാ വ്യതിയാനങ്ങൾക്ക് കാരണമാകുന്ന കറുത്ത കാർബണിനും കാരണക്കാരൻ ഡീസൽ വാഹനങ്ങൾ തന്നെ.

പൊതു ഖജനാവിൽ നിന്ന് ആനുകൂല്യം പൊതുയാത്രാ വാഹനങ്ങൾക്കും ചരക്കു വാഹനങ്ങൾക്കുമായി പരിമിതപ്പെടുത്തി സ്വകാര്യ യാത്രാ വാഹനങ്ങൾക്ക് ഡീസൽ റേഷനിംഗ് ഏർപ്പെടുത്തുക എന്ന ആശയം നല്ലതാണെങ്കിലും ഒരിക്കലും നടപ്പാക്കാനാവാത്തതാണ് എന്നതിനാൽ നമ്മുടെ നിരത്തുകളിൽ ഇനിയും പുതിയ പുതിയ ഡീസൽ വാഹനങ്ങൾ ഓടിക്കൊണ്ടേയിരിക്കും. പോതു ഖജനാവിൽ നിന്നുള്ള സബ്സിഡി കൊണ്ട് അന്തരീക്ഷ മലിനീകരണമുണ്ടാക്കിയുള്ള ആഢംബരയാത്ര വേണോ എന്ന ആലോചനയിൽ ഓരോ വാഹന ഉപഭോകതാക്കളും സ്വയം ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾക്കാണ് പ്രസക്തി.

*ഡീസൽ വാഹനങ്ങൾ പെരുകുകയാണ്. ആകെ ഡീസൽ ഉപയോഗത്തിന്റെ 15 ശതമാനവും ഉപയോഗിക്കുന്നത് ഡീസൽ ഉപയോഗിക്കുന്ന സ്വകാര്യ യാത്രാ വാഹനങ്ങളാണ്.*



# അങ്ങാടിക്കുരുവികൾക്ക് ഒരു ഭവനപദ്ധതി

തങ്ങളും ഈ നഗരത്തിന്റെ ഭാഗമാണ് എന്ന് കിലുകിലാ ചിലച്ച് എത്രയോ കാലമായി അങ്ങാടിക്കുരുവികൾ പറയുന്നതാണ്. ആരും കേട്ടില്ല. ഇനിയും ആ വിളി കേട്ടില്ലെങ്കിൽ പ്രശ്നമാണെന്ന് ഒടുക്കം തിരിച്ചറിഞ്ഞത് തിരുവനന്തപുരത്തെ കുറച്ച് പ്രകൃതിസ്നേഹികൾ. റൈറ്റേഴ്സ് ആന്റ് നേച്ചർ ഫോറത്തിന്റെ ആഭിമുഖ്യത്തിലാണ് അങ്ങാടിക്കുരുവികൾക്ക് മനോഹരമായ കുഞ്ഞുവീടുകളൊരുക്കിയത്. മേയർ കെ.ചന്ദ്രിക ആദ്യത്തെ കൂട് ഭിത്തിയിൽ സ്ഥാപിച്ചു. കലക്ടർ എം. നന്ദകുമാർ, കൗൺസിലർ പാളയം രാജൻ, എസ്. ഭാസുരചന്ദ്രൻ തുടങ്ങിയവരും പങ്കാളികളായി. പാളയത്തെ വ്യാപാരികളും കൂടൊരുക്കുന്നതിന് പിന്തുണ നൽകി. ഇലക്ട്രിക് പോസ്റ്റുകളിൽ മുട്ടയിട്ട് പാവം കുരുവികൾക്ക് ഇനി കുഞ്ഞുങ്ങളെ വൈദ്യുതിക്ക് വിട്ടുകൊടുക്കേണ്ടല്ലോ എന്ന സന്തോഷം വ്യാപാരികൾക്ക്. ഇരുപത്തഞ്ച് കൂടുകളാണ് കണ്ണിമേറ ചന്തയിലെ കടൽഭിത്തികളിലും തൂണുകളിലും സ്ഥാപിച്ചത്. ചെറിയ മരപ്പലകകളിൽ വീടുകളുടെ ആകൃതിയിലാണ് കൂട്.

മനുഷ്യർ തിങ്ങിപ്പാർക്കുന്ന ഇടങ്ങളിലാണ് ഇവയെ കണ്ടുവരുന്നത്. കൊതുകു ലാർവകളെ തിന്നും കീടങ്ങളെ നശിപ്പിച്ചും കുരുവികൾ അങ്ങാടികൾക്ക് ചെയ്യുന്ന സേവനം ചെറുതല്ല. വർഷത്തിൽ നാലും അഞ്ചും പ്രാവശ്യം മുട്ടയിടും. തിരുവനന്തപുരത്ത് ചാല കമ്പോളത്തിലും റെയിൽവെ സ്റ്റേഷനിലുമൊക്കെ നേരത്തെ ആയിരക്കണക്കിന് കുരുവികളുണ്ടായിരുന്നു. എന്നാൽ, കോൺക്രീറ്റ് കെട്ടിടങ്ങളുടെ ആധിക്യവും മൊബൈൽ ടവറിൽ നിന്നുള്ള വികിരണങ്ങളും കുരുവിയുടെ ആവാസ വ്യവസ്ഥയ്ക്ക് ഭീഷണിയായി.

## ഇത്രയൊക്കെ തുള്ളിമരുന്ന് കൊടുത്തിട്ടും..

ജനിക്കുംനാളിൽ തന്നെ ബി.സി.ജി കൊടുത്തിട്ടും ഇന്ത്യയിൽ ക്ഷയരോഗികളുടെ എണ്ണം കൂടുകതന്നെയെന്ന് ലോകാരോഗ്യ സംഘടനയുടെ പഠനം. ലോകത്തുണ്ടാകുന്ന ക്ഷയരോഗികളുടെ 26% വും ഇന്ത്യയിൽ ആണെന്നാണ് 2011 ലെ W.H.O യുടെ ലോക ക്ഷയരോഗ നിയന്ത്രണ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്. രോഗികളുടെ എണ്ണം കൂടുന്നുവെങ്കിലും മരണനിരക്ക് കുറവാണെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്.

## നെൽവയൽ തണ്ണീർത്തടനിയമം ഗറില്ലാ ഗാർഡനിംഗിന്റെ കേരള മാതൃക

കൃഷിഭൂമി അത് നെൽകൃഷിക്ക് അനുയോജ്യമോ, തരിശായിക്കിടക്കുന്ന കൃഷിഭൂമിയോ ആണെങ്കിൽ ആരുടേതാണെങ്കിലും ഉടമയോട് നെൽകൃഷിയോ, ഇടവിള കൃഷിയോ ചെയ്യാൻ നിർബന്ധിക്കുന്നതാണീ നിയമം. സ്വന്തം ഭൂമി കൃഷിചെയ്യാത്ത പക്ഷം, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ, കർഷക സമിതികൾക്കോ, കുടുംബശ്രീ യൂണിറ്റുകൾക്കോ ഉടമയുടെ അനുമതി കൂടാതെ കൃഷി ചെയ്യാൻ നിയമം അനുമതി നൽകുന്നത് ഒരളവു വരെ ഗറില്ലാ ഗാർഡനിംഗ് തന്നെ!

## ഫാഷൻ മേഖലയിൽ ഖാദിക്ക് പ്രിയമേറുന്നു

മ്യൂസിക്കൽ ആൽബങ്ങളിലെ ഫാഷൻ ശൈലികൾ ചെറുപ്പക്കാർക്കിടയിൽ തരംഗങ്ങളായി മാറുന്നത് പുതുമയല്ല. പ്രശസ്ത ഫാഷൻ ഡിസൈനർ ജെയ്സ് ഫെരാരിയാണ് 'വിൽസ് ലൈഫ് സ്റ്റൈൽ ഇന്ത്യാ ഫാഷൻ വീക്കിന്റെ' ഭാഗമായി ഖാദിയെ ട്രെൻഡ് ആക്കി മാറ്റാൻ തീരുമാനിച്ചത്. തന്റെ പുതിയ മ്യൂസിക്കൽ ആൽബത്തിന്റെ പ്രമേയം ഗാന്ധിയെ ലക്ഷ്യമാക്കിയാണെന്നും അതിൽ ഗാന്ധി തൊപ്പിയും കുർത്തയുമെല്ലാം സമൃദ്ധമായും ആകർഷകമായും ഉപയോഗിച്ച് ഇന്ത്യൻ ഖാദിക്ക് ലോക പ്രശസ്തിയുണ്ടാക്കാനാണ് പരിപാടിയെന്നും ഫെരാരി പറയുന്നു.



*അമേരിക്കയിലെ പിടിച്ചെടുക്കൽ പ്രക്ഷോഭർ*

## ഒക്കുപൈ ഈ വർഷത്തെ വാക്ക്

ഈ വർഷത്തെ ഒന്നാമത്തെ വാക്കായി 'ഒക്കുപൈ'യും (പിടിച്ചെടുക്കൽ) മികച്ച പദസമൂഹമായി (ഫ്രെയ്സ്) 'അറബ് സ്പ്രിങ്ങും' (അറബ് വസന്തം) തെരഞ്ഞെടുക്കപ്പെട്ടു. 'സ്റ്റീവ് ജോബ്സ്' ആണ് ഈ വർഷത്തെ പേര്. ഗ്ലോബൽ ലാംഗ്വേജ് മോനിട്ടർ എന്ന ഭാഷാനിരീക്ഷക സംഘടനയാണ് ഈ വാക്കുകൾ തെരഞ്ഞെടുത്തത്.

അമേരിക്കയിലെ പിടിച്ചെടുക്കൽ പ്രക്ഷോഭമാണ് 'ഒക്കുപൈ' എന്ന വാക്കിനെ മുന്നിലെത്തിച്ചത്. സ്വേച്ഛാധിപത്യ വാഴ്ചയ്ക്കെതിരെ അറബ് ലോകത്ത് ഉയർന്ന പ്രക്ഷോഭമാണ് അറബ് വസന്തമെന്ന പേരിൽ അറിയപ്പെട്ടത്. ആപ്പിൾ കംപ്യൂട്ടേഴ്സ് സ്ഥാപകനാണ് ഈയിടെ അന്തരിച്ച സ്റ്റീവ് ജോബ്സ്.

# ഈ-മെയിൽ അത്രയൊന്നും പരിസ്ഥിതി സൗഹാർദ്ദമല്ല

*കടലാസ് ലാഭിക്കാനും മറ്റ് ഊർജ്ജ നഷ്ടങ്ങൾ കുറയ്ക്കാനുമൊക്കെ പരമ്പരാഗത ആശയ വിനിമയ ഉപാധികൾക്ക് പകരം ഇ-മെയിൽ ഉപയോഗിക്കുന്നതാണ് (Snail mail ന് പകരം E-mail) നല്ലതെന്ന് കരുതുന്നവരാണ് പലരും. അത്ര ശരിയല്ലെന്നാണ് വസ്തുതകൾ സൂചിപ്പിക്കുന്നത്.*

ഗ്രീറ്റിംഗ് കാർഡുകൾ അച്ചടിക്കാൻ ഊർജ്ജനഷ്ടവും $CO_2$ വർദ്ധനയും സംഭവിക്കുമെന്നതിനാൽ ആശംസകളയക്കൽ ഇ-മെയിൽ വഴി ആകുന്നവരാണ് പ്രകൃതി സ്നേഹികളിൽ പലരും. എന്നാൽ ഇ-മെയിൽ അത്രയൊന്നും 'ഹരിത'മല്ല എന്നാണ് പുതിയ പഠനങ്ങൾ. 4.7 MB ദൈർഘ്യമുള്ള (അറ്റാച്ച്മെന്റ്) ഒരു ഇ-മെയിൽ അയക്കുമ്പോൾ ചായ കെറ്റിലിൽ തിളയ്ക്കുമ്പോൾ പുറത്തുവിടുന്ന ഗ്രീൻ ഹൗസ് വാതകങ്ങളുടെ പതിനേഴരഇരട്ടി ഉണ്ടാകുമെന്നാണ് പറയുന്നത്. യൂറോപ്പിലെ ഏറ്റവും വലിയ ഐ.ടി കമ്പനിയിലെ വിദഗ്ധൻ മാത്യു യീഗർ പുതിയ ലക്കം സയൻസ് ജേർണലിൽ പ്രസിദ്ധീകരിച്ച പഠന റിപ്പോർട്ടിലാണ് ഇക്കാര്യം പറയുന്നത്.

1 MB ഇ-മെയിൽ അയക്കുമ്പോൾ 19 ഗ്രാം കാർബൺഡൈഓക്സൈഡ് ഉണ്ടാകുമെന്ന് യീഗർ പറയുന്നു. ആ ഒരു മെയിൽ പത്ത് ആളുകൾ കോപ്പി ചെയ്യുമ്പോൾ 73 gm കാർബൺഡൈ ഓക്സൈഡ് ഉണ്ടാകും.

ഫ്രഞ്ച് സർക്കാരിന്റെ പരിസ്ഥിതി-ഊർജ്ജ മന്ത്രാലയം നടത്തിയ പഠനത്തിൽ മറ്റൊരു രീതിയിൽ വന്ന കണക്കുകൾ അമ്പരപ്പിക്കുന്നതാണ്. നൂറ് ജോലിക്കാരുള്ള ഒരു സ്ഥാപനത്തിൽ നിന്നയക്കുന്ന ഇ-മെയിലുകൾ ഒരു വർഷത്തിൽ പത്ത് ശതമാനം കുറച്ചാൽ പാരിസിനും-ന്യൂയോർക്കിനുമിടയിൽ പറക്കുന്ന ഒരു വിമാനം പുറത്തുവിടുന്ന $Co_2$ വിന്റെ അത്രയും അളവ് കുറക്കാം എന്നാണ്.

കടലാസ് ലാഭിക്കാനും മറ്റ് ഊർജ്ജ നഷ്ടങ്ങൾ കുറയ്ക്കാനുമൊക്കെ പരമ്പരാഗത ആശയ വിനിമയ ഉപാധികൾക്ക് പകരം ഇ-മെയിൽ ഉപയോഗിക്കുന്നതാണ് (Snail mail ന് പകരം E-mail) നല്ലതെന്ന് കരുതുന്നവരാണ് പലരും. അത്ര ശരിയല്ലെന്നാണ് വസ്തുതകൾ സൂചിപ്പിക്കുന്നത്. കമ്പ്യൂട്ടർ ഉപയോഗിക്കുമ്പോഴുണ്ടാകുന്ന $Co_2$ കുറയ്ക്കാൻ പല മാർഗങ്ങളും ചൂണ്ടികാണിക്കാറുണ്ട്.

1. കമ്പ്യൂട്ടറിന്റെ മെമ്മറി സ്പേസ് പരമാവധി ഫ്രീയാക്കുക. ഇടയ്ക്കിടയ്ക്ക് ഇ-മെയിൽ ബോക്സ് (ഇൻ & ഔട്ട്) വൃത്തിയാക്കുക.
2. ഇ-മെയിൽ അയക്കുമ്പോൾ സ്വീകർത്താക്കളുടെ എണ്ണത്തിന് നിയന്ത്രണം വയ്ക്കുക.
3. അറ്റാച്ച്മെന്റ് സൈസ് കുറയ്ക്കുക
4. സെർച്ച് എഞ്ചിനുകളുടെ ഉപയോഗം കുറച്ച് വെബ് വിലാസങ്ങൾ നേരിട്ട് ഉപയോഗിക്കാൻ (URL വിലാസങ്ങൾ) പറ്റാവുന്നിടത്തോളം ശ്രമിക്കുക.
5. പല ഓഫീസുകളിലും രാത്രി മുഴുവനും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഓണാക്കി തന്നെയിടാറുണ്ട്. അത് നിയന്ത്രിക്കുക.
6. ലാപ്ടോപ്പുകൾ 15-60 വാട്ട്സ് വരെ ഊർജ്ജം ഉപയോഗിക്കുമ്പോൾ ഡെസ്ക് ടോപ്പുകൾ 250 വാട്ട്സ് വരെ ഊർജ്ജം ഉപയോഗിക്കുന്നു.

ഫേസ്ബുക്കിംഗും ട്വിറ്ററിംഗും കൂടുമ്പോൾ $Co_2$ ഉം കൂടുമെന്നറിയുക. *- ലിമാ ന്യൂസ് ഡസ്ക്*

## ഉറുമ്പുകൾ




മനുഷ്യവംശം തന്നെ ഇന്ന് അപ്രത്യക്ഷമാകുന്നു എന്ന് സങ്കൽപ്പിക്കുക. പരിസ്ഥിതിയുടെ സന്തുലാവസ്ഥ വീണ്ടെടുക്കാൻ ഭൂമിക്ക് അധികതാമസമൊന്നും വേണ്ടിവരികയില്ല. പൂർണ്ണമായും മനുഷ്യനെ ആശ്രയിച്ച് കഴിയുന്ന ജീവികൾ ഒരു ഡസനോ മറ്റോ മാത്രമാണുള്ളത്.എന്നാൽ ഉറുമ്പുകൾ ഇല്ലാതായെന്ന് കരുതുക. പതിനായിരക്കണക്കിന് മറ്റു ജീവികളും സസ്യങ്ങളും അതോടെ നശിച്ച് പോകും. മിക്കവാറും എല്ലായിടത്തുമുള്ള ഭൂമിയുടെ പരിസ്ഥിതി വ്യവസ്ഥയെ അത് ദുർബലപ്പെടുത്തും. നമ്മുടെ ലോകവുമായി ഉറുമ്പുകൾ അത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു.

ഉറുമ്പുകളെപ്പറ്റിയുള്ള പഠനം ജീവിതനിയോഗമായി ഏറ്റെടുത്ത അലബാമക്കാരനായ എഡ്വർഡ് ഒ. വിൽസൻ നാച്ചുറലിസ്റ്റ് എന്ന ആത്മ കഥയിലെ ഉറുമ്പുകൾ എന്ന അദ്ധ്യായത്തിലാണ് നമ്മുടെ ഈ വലിയ ലോകം ഏത് വിധത്തിൽ ഉറുമ്പുകളുടെ ജീവിതത്തോട് കടപ്പെട്ടിരിക്കുന്നു എന്ന് ഇങ്ങനെ നിരീക്ഷണം നടത്തിയത്.ഇദ്ദേഹമാണ് ബർട്ട് ഹോൾഡോബ്ളറുമായിച്ചേർന്ന് ഉറുമ്പുകൾ എന്ന ബൃഹത്തായ ഗ്രന്ഥം രചിച്ചത്.

*ഐ.ഷൺമുഖദാസ് എഴുതിയ **ശരീരം നദി നക്ഷത്രം** എന്ന പുസ്തകത്തിൽ നിന്ന്.*

## സ്വപ്നം



നീലമലകഴിഞ്ഞും അപ്പുറം
ഭക്രാനംഗൽ.
തകരുന്ന ശബ്ദം ഞാൻ കേട്ടതാണ്.
ശേഷം പ്രളയം.
ഗ്രാമം മഹാനദിയായി
മുങ്ങിയും പൊങ്ങിയും നിലവിളികളോടെ
മരങ്ങൾ
മനുഷ്യർ
മൃഗങ്ങൾ
ജീവജാലങ്ങൾ

*എഴുത്തും വരയും-***ഡോ.ടി. റഹിമാൻ**

Rs.10/- Little Masika December 2011 Reg No. RN67322 /94
Postal Reg.No.KL/MJI/82/2010-12

# ഇടവഴിയിലെ നാട്ടുവെളിച്ചം

**ഓർമ്മ**



സുൽഫി ചാത്തല്ലൂർ
(1971–2011)

ഡിസംബർ 15 ന് ജോലിക്കിടെ വൈദ്യുതാഘാതമേറ്റ് മരണപ്പെട്ട സുൽഫി ചാത്തല്ലൂർ, ഗ്രാമീണ സാമൂഹിക പ്രവർത്തനത്തിന്റെ മുഴുവൻ സാധ്യതകളും ജീവിതത്തിൽ പരീക്ഷിച്ചാണ് കടന്നുപോയത്. എല്ലാ അർത്ഥത്തിലും മഹത്തായ ജീവിതം നയിച്ച സാധാരണക്കാരനായിരുന്നു സുൽഫി. അർപ്പണത്തിലും ആത്മാർത്ഥതയിലും മേധാപട്കറോടും സുന്ദർലാൽ ബഹുഗുണയോടും ഒക്കെ പോലും ഒപ്പം നിർത്താവുന്നയാൾ. അവരെപ്പോലെ ദേശീയശ്രദ്ധയോ പരിഗണനയോ കിട്ടാതിരുന്നതോ, ഏതെങ്കിലും മഹാപ്രസ്ഥാനത്തിലോ, ദേശീയ പ്രാധാന്യമുള്ള ഏതെങ്കിലും സമരത്തിലോ, പങ്കെടുക്കാതിരുന്നതുകൊണ്ട് സുൽഫിയെപ്പോലുള്ള ഗ്രാമീണ സാമൂഹ്യ പ്രവർത്തകന്റെ മഹത്വം ഒട്ടും കുറയുന്നില്ല. മലപ്പുറം ജില്ലയിലെ എടവണ്ണയ്ക്കടുത്ത ചാത്തല്ലൂർ എന്ന ഗ്രാമവും പരിസരവും കർമ്മമേഖലയായതും സുൽഫിയുടെ ശ്രേഷ്ഠത കുറയ്ക്കുന്നില്ല. പ്രസ്ഥാനങ്ങൾക്കോ സംഘടനകൾക്കോ കാത്തുനിൽക്കാതെ തന്റെ ജീവിതം വെച്ച് സാഹസികമായി പരോപകാര ജീവിതം നയിച്ച സുൽഫി നാട്ടിലെ ചെറിയ ചെറിയ ഇടപെടലുകൾ കൊണ്ട് ഗ്രാമത്തിന്റെ തന്നെ ആത്മാവിന്റെ ഭാഗമായി ജീവിക്കുകയായിരുന്നു. കിണറ്റിൽ വീണ മാനിനെയും നായയെയും രക്ഷിക്കാനും അക്രമാസക്തനാകുന്ന രോഗിയെ അനുനയിപ്പിക്കാനും മരത്തിൽ കയറാനും അപകടത്തിൽ പെട്ടവരെ രക്ഷിക്കാനും ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തുവാനും സുൽഫി സ്വയം മറന്ന് ഓടിനടന്നു. അതോടൊപ്പം നാട്ടുസംഗീതവും നാടൻ കലയും കൂടെ കൊണ്ടുനടന്നു. ഓരോ പ്രദേശത്തും സ്ഥലത്തുമുണ്ടാകും നാട്ടുവെളിച്ചമായി സുൽഫിയെ പോലെ ചിലർ. എങ്ങുമെത്താതെ ആരാരുമറിയാതെ പ്രാദേശിക ചരമകോളത്തിൽ മാത്രം ഇടം കിട്ടുന്നവർ. നമ്മുടെ നാട്ടുവഴികളിൽ കണ്ടുമുട്ടാറുള്ള സുൽഫിമാരുടേതുകൂടിയാണ് നമ്മുടെ ചരിത്രം - അതാരുമോർക്കാറില്ലെങ്കിലും.! ജോലിക്കിടെ മരണപ്പെട്ട വെറും കെ.എസ്.ഇ.ബി ജീവനക്കാരൻ മാത്രമായി പത്രത്താളിലെ പ്രാദേശിക കോളത്തിൽ വന്നു എന്നതുകൊണ്ടും സുൽഫിയെ സ്നേഹിക്കുന്ന നാട്ടുകാർക്ക് വിഷമമില്ല. സുൽഫി അതിനുമൊക്കെയപ്പുറമാണെന്നും അവർക്കറിയാം.

*നമ്മുടെ നാട്ടുവഴികളിൽ കണ്ടുമുട്ടാറുള്ള സുൽഫിമാരുടേതുകൂടിയാണ് നമ്മുടെ ചരിത്രം - അതാരുമോർക്കാറില്ലെങ്കിലും.!*

Edited,Printed, Published and Owned by Biju John (Responsible for selection of news under the PRB Act ) and Printed at 4 Prints Manjeri for Co-Operative Press Chungathara.,Malappuram District.